# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി XIII
## (SUBJECT COMMITTEE XIII)

## സാമൂഹ്യസേവനം
## (SOCIAL SERVICES)

## പീരിയോഡിക്കൽ റിപ്പോർട്ട്

(2019 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31ST MARCH, 2019)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2019 ജൂലൈ 4-ാം തീയതി സമർപ്പിച്ചത്

(Presented on 4th July, 2019)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2019

SECRETARIAT OF THE KERALA LEGISLATURE

THIRUVANANTHAPURAM

2019

പതിനാലാം കേരള നിയമസഭ
(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XIII
# (SUBJECT COMMITTEE XIII)

# സാമൂഹ്യസേവനം
# (SOCIAL SERVICES)

## പീരിയോഡിക്കൽ റിപ്പോർട്ട്
(2019 മാർച്ച് 31 വരെയുള്ളത്)

## (PERIODICAL REPORT AS ON 31ST MARCH, 2019)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച
ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

747/2019.

## ഉള്ളടക്കം


| | പേജ് |
|---|---|
| സമിതിയുടെ ഘടന .. | v |
| അവതാരിക .. | vii |
| റിപ്പോർട്ട് .. | 1 |
| അനുബന്ധം .. | 6 |

## സബ്ജക്റ്റ് കമ്മിറ്റി XIII

## (സാമൂഹ്യസേവനം)

## (2019-2021)

**ഘടന**

ചെയർമാൻ :

ശ്രീ. എ. കെ. ബാലൻ,

പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ,

ആരോഗ്യവും സാമൂഹ്യനീതിയും വനിത ശിശുവികസനവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എം. എൽ. എ.

ശ്രീ. അൻവർ സാദത്ത്, ,,

ശ്രീമതി സി. കെ. ആശ, ,,

ശ്രീ. ഐ. സി. ബാലകൃഷ്ണൻ, ,,

ശ്രീ. ഒ. ആർ. കേളു, ,,

ശ്രീ. എം. മുകേഷ്, ,,

ശ്രീ. യു. ആർ. പ്രദീപ്, ,,

ശ്രീ. സി. കെ. ശശീന്ദ്രൻ, ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. സി. ജോസ്, സെക്രട്ടറി- ഇൻ-ചാർജ്

ശ്രീ. മാത്യുക്കുട്ടി. ജി., ജോയിന്റ് സെക്രട്ടറി

ശ്രീ. വി. ജി. റിജു, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജാസ്മിൻ പി. എസ്., അണ്ടർ സെക്രട്ടറി.

# അവതാരിക

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII -ന്റെ 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) അനുസരിച്ച് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII (2016-2018) 2016 ജൂലൈ 5-ാം തീയതി നിലവിൽ വന്നു. 2016 ജൂലൈ 7-ാം തീയതിയിലെ ബുള്ളറ്റിൻ നമ്പർ 26 (ഭാഗം 27) തുടർന്ന് സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII (2019-2021) 2019 ജനുവരി 7-ാം തീയതി നിലവിൽ വന്നു. 2019 ജനുവരി 7-ാം തീയതിയിലെ ബുള്ളറ്റിൻ നമ്പർ 598 (ഭാഗം 2), 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 11-5-2018, 18-6-2018, 31-7-2018, 24-10-2018, 27-2-2019, 11-3-2019, 20-3-2019 എന്നീ തീയതികളിലായി 7 യോഗങ്ങൾ ചേരുകയുണ്ടായി. 11-5-2018-ലെ യോഗത്തിൽ പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ 'വിശേഷാൽ ചട്ടങ്ങൾ'-ടെ കരട് പരിഗണിച്ചു. 18-6-2018-ലെ യോഗത്തിൽ കേരള സംസ്ഥാന (ഓർഫനേജ് ആന്റ് അദർ ചാരിറ്റബിൾ ഹോംസ്) ബോർഡ് ഓഫ് കൺട്രോളർ (അമെന്റ്മെന്റ്) കരട് ചട്ടങ്ങൾ, എസ്.ആർ.ഒ. സാധൂകരണം (എസ്.ആർ.ഒ. നമ്പർ 466/17), കേരള വനിതാ കമ്മീഷൻ ആക്റ്റ് - 1990-ന്റെ ഭേദഗതി സംബന്ധിച്ചുള്ള ശിപാർശയിന്മേലുള്ള നടപടി റിപ്പോർട്ട്, 2015-16, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ, സമിതിയുടെ 2017-18 സാമ്പത്തിക വർഷത്തെ രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിച്ചു. 31-7-2018-ലെ യോഗത്തിൽ വനിതാ കമ്മീഷന്റെ പ്രവർത്തനം സംബന്ധിച്ച ചോദ്യാവലിയ്ക്കുള്ള വകുപ്പിൽ നിന്ന് ലഭിച്ച മറുപടി, കേരള സോഷ്യൽ വെൽഫെയർ സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടത്തിന്റെ കരട് എന്നിവ പരിഗണിച്ചു. 24-10-2018-ലെ യോഗത്തിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനം സംബന്ധിച്ച് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമായി ചർച്ച നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. കൂടാതെ കേരള പബ്ലിക് സർവീസ് കമ്മീഷൻ (കൺസൾട്ടേഷൻ ബൈ കോർപ്പറേഷൻസ് ആന്റ് കമ്പനീസ്) അമെന്റ്മെന്റ് റൂൾസ് 2018-ന്റെ കരട് ചട്ടം പരിഗണിക്കുകയും ചെയ്തു. 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന നമ്പർ XLVI-ൻമേലുള്ള സൂക്ഷ്മപരിശോധന 27-2-2019-ലെ യോഗത്തിലും ധനാഭ്യർത്ഥന XXV-ൻമേലുള്ള സൂക്ഷ്മപരിശോധന 11-3-2019-ലെ

യോഗത്തിലും നടത്തി. 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണനയ്ക്കായി 20-3-2019-നും യോഗം ചേർന്നു. പ്രസ്തുത യോഗങ്ങളിലെ ശരാശരി ഹാജർ നില 77% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

അദ്ധ്യായം I — സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

അദ്ധ്യായം II — സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ

അദ്ധ്യായം III — സമിതി പരിഗണിച്ച ചട്ടങ്ങൾ/ എസ്.ആർ.ഒ.കളുടെ വിശദാംശങ്ങൾ

അദ്ധ്യായം IV — നിയമസഭാ ചട്ടം 235 (എ) പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങൾ

അദ്ധ്യായം V — നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ

അദ്ധ്യായം VI — (a) 2018-19 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

(b) സമിതി പരിഗണിച്ച വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങൾ

അദ്ധ്യായം VII — സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2019 ജൂലൈ 1-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

എ. കെ. ബാലൻ,
ചെയർമാൻ,
*സബ്ജക്ട് കമ്മിറ്റി XIII.*

തിരുവനന്തപുരം,
2019 ജൂലൈ 1.

# റിപ്പോർട്ട്

## അദ്ധ്യായം I

## സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

(1) സാമൂഹ്യ സേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് 18-6-2018-ലെ യോഗം അംഗീകരിക്കുകയും റിപ്പോർട്ട് 21-6-2018-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(2) 2017-18 സാമ്പത്തിക വർഷത്തെ ആനുകാലിക റിപ്പോർട്ടിന്റെ കരട് 18-6-2018-ലെ യോഗം അംഗീകരിക്കുകയും റിപ്പോർട്ട് 21-6-2018-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം II

## സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ

ബില്ലുകൾ ഒന്നും പരിഗണിച്ചിട്ടില്ല.

## അദ്ധ്യായം III

## സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.കളുടെ വിശദാംശങ്ങൾ

(1) പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ 'വിശേഷാൽ ചട്ടങ്ങൾ' 11-5-2018-ലെ യോഗം പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

(2) കേരള സംസ്ഥാന (ഓർഫനേജസ് ആന്റ് അദർ ചാരിറ്റബിൾ ഹോംസ്) ബോർഡ് ഓഫ് കൺട്രോളർ (അമെന്റ്മെന്റ്) കരട് ചട്ടം 18-6-2018-ലെ യോഗം പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

(3) സാമൂഹ്യനീതി വകുപ്പിന് കീഴിൽ ചൈൽഡ് വെൽഫയർ കമ്മിറ്റികളിലെയും ജുവനൈൽ ജസ്റ്റിസ് ബോർഡുകളിലെയും മെമ്പർമാരെ തെരഞ്ഞെടുക്കുന്നതിനായി പുറപ്പെടുവിച്ച വിജ്ഞാപനം (എസ്.ആർ.ഒ. നമ്പർ 466/17) 18-6-2018-ലെ യോഗം പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

(4) കേരള സോഷ്യൽ വെൽഫെയർ സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടത്തിന്റെ കരട് 31-7-2018-ലെ യോഗം പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

(5) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കൺസൾട്ടേഷൻ ബൈ കോർപ്പറേഷൻസ് ആന്റ് കമ്പനീസ് അമെന്റ്മെന്റ്) റൂൾസ്-2018 കരട് ചട്ടം 24-10-2018-ലെ യോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

## അദ്ധ്യായം IV

## നിയമസഭാ ചട്ടം 235 (എ) പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങൾ

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 എ പ്രകാരം 'മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനം' സംബന്ധിച്ച് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമായി 24-10-2018-ലെ യോഗത്തിൽ ചർച്ച നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

## അദ്ധ്യായം V

## നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ

| ധനാഭ്യർത്ഥന നമ്പർ | സാമ്പത്തിക വർഷം | വകുപ്പ് | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|
| 1 | 2 | 3 | 4 |
| XLVI—സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 2015-16 | ആഭ്യന്തരം (ജയിൽ) | 20-6-2018 |
| ,, | 2010-2011 | ആഭ്യന്തരം (ജയിൽ) | 6-12-2018 |
| | 2012-2013 | | |
| | 2013-2014 | | |
| | 2014-2015 | | |
| | 2015-2016 | | |
| | 2016-2017 | | |
| | 2017-2018 | | |

| 1 | 2 | 3 | 4 |
|---|---|---|---|
| XXV—പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റ് പിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 2015-16 | പട്ടികവർഗ്ഗ വികസനം | 6-12-2018 |
| | 2016-17 | പട്ടികജാതി വികസനം | |
| | | പട്ടികവർഗ്ഗ വികസനം | |
| | 2017-18 | പിന്നാക്കവിഭാഗ വികസനം | |

## അദ്ധ്യായം VI

(a) 2018-19 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ചുവടെ ചേർത്തിരിക്കുന്ന ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ ലഭിച്ചിട്ടുണ്ട്. ആയത് 15-5-2019-ലെ യോഗത്തിൽ പരിഗണിച്ചു. നടപ്പ് സാമ്പത്തിക വർഷത്തിലെ ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഇവ ഉൾപ്പെടുത്തുന്നതാണ് :

പട്ടികജാതി വികസന വകുപ്പ്

ശിപാർശ നമ്പർ 1, 3, 4, 6

പട്ടികവർഗ്ഗ വികസന വകുപ്പ്

ശിപാർശ നമ്പർ 8, 10, 11, 12

പിന്നാക്ക വിഭാഗ വികസന വകുപ്പ്

ശിപാർശ നമ്പർ 13, 14, 15, 16

ആഭ്യന്തര വകുപ്പ്

ശിപാർശ നമ്പർ 49

പൊതുഭരണ (ഫ്രീഡം ഫൈറ്റേഴ്സ്) വകുപ്പ്

ശിപാർശ നമ്പർ 52

പൊതുഭരണ (സൈനികക്ഷേമം) വകുപ്പ്

ശിപാർശ നമ്പർ 53, 54

(b) 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

ശിപാർശ നമ്പർ 55

2235-02-106-98—ദുർഗുണപരിഹാര പാഠശാല (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ ജയിൽ വകുപ്പിന് അനുവദിച്ച തുക 1,53,76,000 (ഒരു കോടി അൻപത്തിമൂന്ന് ലക്ഷത്തി എഴുപത്തിയാറായിരം രൂപ മാത്രം) രൂപയാണ്. തടവുകാരുടെ ആഹാരം, മരുന്ന്, ചികിത്സ എന്നീയിനത്തിലുള്ള ചെലവ് ദൈനംദിന ഉപഭോഗവസ്തുക്കളുടെയും ഇന്ധനത്തിന്റെയും വിലവർദ്ധനവുമൂലം അധികരിക്കുന്നതിനാലും തടവുകാരുടെ എണ്ണത്തിലും താരതമ്യേന വർദ്ധനവ് ഉണ്ടാകുന്നുവെന്നതിനാലും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 20,00,000 (ഇരുപത് ലക്ഷം രൂപ മാത്രം) രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

സ്വീകരിച്ച നടപടി

2015-16 സാമ്പത്തിക വർഷം 2235-02-106-98—ദുർഗുണപരിഹാര പാഠശാല (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ 1,53,76,000 രൂപയാണ് ബജറ്റ് വിഹിതമായി അനുവദിച്ചിരുന്നത്. 2235-02-106-98—ദുർഗുണപരിഹാര പാഠശാല (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ ഇലക്ട്രിസിറ്റി, ടെലഫോൺ തുടങ്ങിയ ശീർഷകങ്ങളിൽ വകയിരുത്തിയ തുക അപര്യാപ്തമായ സാഹചര്യത്തിൽ അഡീഷണൽ ഓതറൈസേഷൻ മുഖേന അധിക ഫണ്ട് അനുവദിക്കുന്നതിനായി ജയിൽ വകുപ്പ് മേധാവി പ്രൊപ്പോസൽ സമർപ്പിക്കുകയും 26-1-2016-ലെ സ.ഉ.(സാധാ) നമ്പർ 787/2016/ഫിൻ. ഉത്തരവ് പ്രകാരം അധികമായി 1,50,000 രൂപ അനുവദിക്കുകയും ചെയ്തു.

(ആഭ്യന്തര വകുപ്പിന്റെ 3-11-2017-ലെ ബി2/163/17/ആഭ്യന്തരം നമ്പർ കത്ത്) നിയമസഭാ ചട്ടം 236 (5) പ്രകാരം ഡിലേ സ്റ്റേറ്റ്മെന്റ് 6-2-2018-ന് സഭയിൽ സമർപ്പിച്ചു.

അദ്ധ്യായം VII

## സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ

2018-19 സാമ്പത്തിക വർഷം, സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടില്ല.

## 2019-20 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന

27-2-2019, 11-3-2019 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന് 2019-20 സാമ്പത്തിക വർഷത്തെ XLVI, XXV എന്നീ ധനാഭ്യർത്ഥനകളിന്മേൽ സൂക്ഷ്മ പരിശോധന നടത്തുകയും ശിപാർശകൾ നൽകുകയും ചെയ്തു. 20-3-2019-ലെ യോഗത്തിൽ പ്രസ്തുത ശിപാർശകളുടെ കരട് റിപ്പോർട്ട് സമിതി അംഗീകരിച്ചു.

എ.കെ. ബാലൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIII.*

തിരുവനന്തപുരം,
2019 ജൂലൈ 1.

## അനുബന്ധം

# 11-5-2018-ലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII, 2018 മേയ് മാസം 11-ാം തീയതി വെള്ളിയാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ ചെയർമാനും പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുമായ ശ്രീ. എ. കെ. ബാലന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു :

1. ശ്രീമതി സി. കെ. ആശ, എം.എൽ.എ.
2. ശ്രീ. എം. മുകേഷ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീമതി പി. കെ. ഗിരിജ, സ്പെഷ്യൽ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ഡോ. വി. വേണു, പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്
2. ശ്രീമതി ഷീബ ജോർജ്ജ്, ഡയറക്ടർ, വനിത ശിശുവികസന വകുപ്പ്
3. ശ്രീമതി എസ്. ശാരദ, ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്
4. ശ്രീ. അനിത ദാമോദരൻ, സെക്രട്ടറി, സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ
5. ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ ലോ സെക്രട്ടറി, നിയമ വകുപ്പ്
6. ശ്രീമതി കെ. എം. ലീലാമണി, അഡീഷണൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്
7. ശ്രീ. പി. എൻ. സുരേഷ് കുമാർ, ജോയിന്റ് സെക്രട്ടറി, പിന്നാക്ക വിഭാഗ വികസന വകുപ്പ്
8. ശ്രീമതി കെ. സുധ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ

സമിതി പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ 'വിശേഷാൽ ചട്ടങ്ങൾ' കരട് വിജ്ഞാപനം പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു :

(a) <u>പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ 'വിശേഷാൽ ചട്ടങ്ങൾ' കരട് വിജ്ഞാപനം സംബന്ധിച്ച്</u>

(ഫയൽ നമ്പർ 2368/സബ്.സി.ജി.2/18/നി.സെ.)

കരട് നോട്ടിഫിക്കേഷന്റെ പീഠികയിലെ "......... the following Special Rules for the Kerala Backward Classes Development Service" എന്നതിനുപകരം "..... the following Special Rules for the Kerala Backward Classes Development State Service" എന്ന് മാറ്റം വരുത്താൻ നിർദ്ദേശിച്ചു.

കരട് ചട്ടം (1)-ലെ "the Kerala Backward Classes Development Service" എന്നതിനുപകരം "the Kerala Backward Classes Development State Service" എന്ന് മാറ്റം വരുത്താൻ നിർദ്ദേശിച്ചു.

Explanatory Note-ൽ "The Government have now decided to frame Special Rules for the Backward Classes Development Service" എന്നതിനു പകരം " The Government have now decided to frame the Kerala Backward Classes Development State Service Special Rules" എന്ന് മാറ്റം വരുത്താൻ നിർദ്ദേശിച്ചു. പ്രസ്തുത മാറ്റങ്ങൾ വരുത്താനും കരട് വിജ്ഞാപനം അംഗീകരിക്കാനും തീരുമാനിച്ചു.

(b) <u>ബാലവകാശ സംരക്ഷണ കമ്മീഷന്റെ പ്രവർത്തനം സംബന്ധിച്ച ചോദ്യാവലി സംബന്ധിച്ച്</u>

(ഫയൽ നമ്പർ 2368/സബ്.സി.ജി.2/18/നി.സെ.)

സാമൂഹ്യനീതി വകുപ്പിന്റെ മറുപടി അടുത്ത യോഗത്തിൽ പരിഗണിക്കുന്നതിനായി മാറ്റി വച്ചു.

യോഗം ഉച്ചയ്ക്കുശേഷം 3.25-ന് പിരിഞ്ഞു.

## 18-6-2018-ലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII, 2018 ജൂൺ 18-ാം തീയതി തിങ്കളാഴ്ച സഭാസമ്മേളനത്തിന് ശേഷം വൈകുന്നേരം 5.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി ചെയർമാന്റെ അസാന്നിധ്യത്തിൽ

എക്സ്-ഒഫീഷ്യോ അംഗവും ബഹു.ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുമായ ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു :

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എം.എൽ.എ.
2. ശ്രീ. എം. മുകേഷ്, എം.എൽ.എ.
3. ശ്രീ. സി. കെ. ശശീന്ദ്രൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീമതി ജി. സുമകുമാരി, സ്പെഷ്യൽ സെക്രട്ടറി
2. ശ്രീ. വി.ജി. റിജു, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. ബിജു പ്രഭാകർ, സ്പെഷ്യൽ സെക്രട്ടറി, വിമൻ ആന്റ് ചൈൽഡ് ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്/ സാമൂഹ്യനീതി വകുപ്പ്
2. ഡോ. ഒ. സെറീന, ജോയിന്റ് സെക്രട്ടറി, പൊതുഭരണ വകുപ്പ്
3. ശ്രീമതി എസ്. സിന്ധു, മെമ്പർ സെക്രട്ടറി, ഓർഫനേജ് കൺട്രോൾ ബോർഡ്
4. ശ്രീമതി വി. സി. ബിന്ദു, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് വിമൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ
5. ശ്രീമതി ആർ. ഷീലാ റാണി, അഡീഷണൽ സെക്രട്ടറി, ആഭ്യന്തര വകുപ്പ്
6. ശ്രീ. എം. രാജേഷ് കുമാർ, ജോയിന്റ് സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്
7. ശ്രീ. ടി. പ്രവീൺ, ജോയിന്റ് സെക്രട്ടറി, പട്ടികവർഗ്ഗ വികസന വകുപ്പ്
8. ശ്രീ. പി. എൻ. സുരേഷ് കുമാർ, ജോയിന്റ് സെക്രട്ടറി, പിന്നാക്ക വിഭാഗ വികസന വകുപ്പ്
9. ശ്രീമതി എസ്. ശാരദ, ഡയറക്ടർ പിന്നാക്ക വിഭാഗ വികസന വകുപ്പ്
10. ശ്രീ. ജാഫർ മാലിക്, ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്

കേരള സംസ്ഥാന (ഓർഫനേജ് ആന്റ് അദർ ചാരിറ്റബിൾ ഹോംസ്) ബോർഡ് ഓഫ് കൺട്രോൾ (അമെന്റ്മെന്റ്) കരട് ചട്ടങ്ങൾ, ബാലാവകാശ സംരക്ഷണ കമ്മീഷന്റെ

പ്രവർത്തനം സംബന്ധിച്ച ചോദ്യാവലിക്കുള്ള വകുപ്പിന്റെ മറുപടി, ചൈൽഡ് വെൽഫെയർ കമ്മിറ്റികളിലെയും ജുവനൈൽ ജസ്റ്റിസ് ബോർഡുകളിലെയും മെമ്പർമാരെ തെരഞ്ഞെടുക്കുന്നതിനായി പുറപ്പെടുവിച്ച വിജ്ഞാപനം, കേരള വനിതാ കമ്മീഷൻ ആക്ട്-1990, ഭേദഗതി സംബന്ധിച്ച ശിപാർശയിന്മേലുള്ള നടപടി റിപ്പോർട്ട്, വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ, കരട് ആക്ഷൻ ടേക്കൺ റിപ്പോർട്ട്, കരട് പീരിയോഡിക്കൽ റിപ്പോർട്ട് എന്നിവ സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു :

(a) <u>കേരള സംസ്ഥാന (ഓർഫനേജസ് ആൻഡ് അദർ ചാരിറ്റബിൾ ഹോംസ്) ബോർഡ് ഓഫ് കൺട്രോൾ (അമെന്റ്മെന്റ്)കരട് ചട്ടങ്ങൾ</u>

(ഫയൽ നമ്പർ 5602/സബ്.സി.ജി2/2017/നി.സെ.)

Kerala State (Orphanages and Other Charitable Homes) Board of Control rules 1961-ൽ Disqualification of members of the Board എന്ന 5A ചട്ടം കൊണ്ടുവന്നതിന്റെ കാരണം ആരാഞ്ഞതിന് 1960-ലെ ഓർഫനേജ് ആന്റ് അദർ ചാരിറ്റബിൾ ഹോംസ് (സൂപ്പർവിഷൻ ആന്റ് കൺട്രോൾ) ആക്ടിന്റെ സെക്ഷൻ 5(2) പ്രകാരം ഓർഫനേജ് കൺട്രോൾ ബോർഡിൽ, നിയമസഭയിൽ നിന്നും വോട്ടെടുപ്പിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന മൂന്ന് എം.എൽ.എ.മാർ, ഓർഫനേജ് കൺട്രോൾ ബോർഡ് അനുമതി നൽകിയിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് വോട്ടെടുപ്പിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന 5 അംഗങ്ങൾ, സർക്കാർ നോമിനേറ്റ് ചെയ്യുന്ന സാമൂഹ്യക്ഷേമ വകുപ്പിൽ പ്രവർത്തിക്കുന്ന ഒരു ഉദ്യോഗസ്ഥൻ, സർക്കാർ നോമിനേറ്റ് ചെയ്യുന്ന ആറ് അംഗങ്ങൾ എന്നിവരാണ് ഉള്ളതെന്നും, ബോർഡ് യോഗത്തിൽ ഹാജരാകാതിരിക്കുന്നവരുടെ അംഗത്വം റദ്ദ് ചെയ്യുന്നതിന് പ്രസ്തുത ആക്ടിലെ സെക്ഷൻ 29(2)(b) പ്രകാരം സംസ്ഥാന സർക്കാർ ചട്ടങ്ങൾ ഉണ്ടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും സർക്കാർ ചട്ടങ്ങൾ ഉണ്ടാക്കിയിരുന്നില്ലെന്നും, ഈ ആവശ്യത്തിനുള്ള ചട്ടം രൂപീകരിക്കണമെന്ന് സാമൂഹ്യനീതി ഡയറക്ടറും, ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറിയും ആവശ്യപ്പെട്ടതനുസരിച്ച് അതുകൂടി ഉൾപ്പെടുത്തി ചട്ടം ഭേദഗതി ചെയ്യേണ്ടതായിട്ടുണ്ടെന്ന് സാമൂഹ്യനീതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു.

If he fails to attend the meeting of the Board consecutively for three months without any valid reasons or he fails to attend atleast three fourths of the meetings in a year എന്ന 5A (1)(c) ചട്ടത്തിന്റെ പരിശോധനാവേളയിൽ ഇത് വലിയൊരു കാലയളവാണെന്ന് സാമൂഹ്യനീതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അഭിപ്രായപ്പെടുകയും മൂന്ന് പ്രാവശ്യം മീറ്റിംഗിൽ പങ്കെടുത്തില്ലെങ്കിൽ അംഗത്വം റദ്ദ്

ചെയ്യണമെന്ന രീതിയാണ് സാധാരണയായി കാണപ്പെടുന്നതെന്ന് ചൂണ്ടികാണിക്കുകയും ചെയ്തു. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി "If he fails to attend the meeting of the Board consecutively for three months without any valid reasons or he fails to attend atleast three-fourth of the meeting in a year" എന്ന 5A (1)(c) ചട്ടം" If he fails to attend the meeting of the Board consecutively for three meetings without any valid reasons" എന്ന രീതിയിൽ ഭേദഗതി വരുത്താൻ നിർദ്ദേശിച്ചു.

പ്രസ്തുത ഭേദഗതിയോടെ കരട് ചട്ടം അംഗീകരിച്ചു.

(b) ബാലാവകാശ സംരക്ഷണ കമ്മീഷൻ പ്രവർത്തനം സംബന്ധിച്ച ചോദ്യാവലിക്കുള്ള വകുപ്പിന്റെ മറുപടി

(ഫയൽ നമ്പർ 4436/സബ്.സി.ജി2/2017/നി.സെ.)

ബാലാവകാശ സംരക്ഷണ കമ്മീഷന്റെ പ്രവർത്തനം സംബന്ധിച്ച ചോദ്യാവലിക്ക് വിശദമായ റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും, ബാലാവകാശ സംരക്ഷണ കമ്മീഷന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് പുതിയ നിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ വിശദമാക്കുക എന്ന നിയമസഭാ സെക്രട്ടേറിയറ്റിന്റെ ചോദ്യത്തിന് ബാലാവകാശ സംരക്ഷണ കമ്മീഷനിൽ ഒഴിവുള്ള തസ്തികകളിൽ ഡെപ്യൂട്ടേഷൻ മുഖേന നിയമനം നടത്തുന്നതിനും, ജെ.ജെ.സെൽ രൂപീകരിക്കുന്നതിനും സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണെന്ന മറുപടിയാണ് നേരത്തെ നൽകിയിരുന്നതെന്നും എന്നാൽ ഇതിന്മേൽ ധനകാര്യവകുപ്പ് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും അതിൽ ഡെപ്യൂട്ടേഷന് പകരം കോൺട്രാക്ട് ആണ് പറഞ്ഞിരിക്കുന്നതെന്നും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

സാമൂഹ്യനീതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ചർച്ച കൂടാതെ ചോദ്യാവലിക്കുള്ള മറുപടി അംഗീകരിച്ചു.

(c) സാമൂഹ്യനീതി വകുപ്പിന് കീഴിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റികളിലെയും ജുവനൈൽ ജസ്റ്റിസ് ബോർഡുകളിലെയും മെമ്പർമാരെ തെരഞ്ഞെടുക്കുന്നതിനായി പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ സാധൂകരണം (SRO No.466/17)

(ഫയൽ നമ്പർ 5058/സബ്.സി.ജി2/2017/നി.സെ.)

The Juvenile Justice (Care and Protection of Children) Constitution of Child Welfare Committees and Juvenile Justice Boards (Kerala) Rules 2017-ൽ വരുത്തിയ മാറ്റം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്,

ഇത് സംബന്ധിച്ച മോഡൽ റൂൾസിൽ "working with children in the field of education, health or welfare activities, or should be practicing professional with a degree in child psychology or psychiatry or sociology or in the field of law" എന്നതിൽ കുറച്ചുകൂടി മാറ്റം വരുത്തി "The Social worker member of the Board shall possess a post-graduate degree in sociology or psychiatry or social work or child psychology or education or a degree in health, child development or correctional services or law and shall have atleast seven years' experience of active involvement in planning, implementing and administering measures relating to child welfare activities" എന്ന രീതിയിൽ ചട്ടം 4(2)-ൽ വ്യവസ്ഥ ചെയ്തിരിക്കുന്നുവെന്ന് സാമൂഹ്യനീതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

അംഗങ്ങളായ social worker-ടെ പ്രായം 35 വയസ്സിൽ കുറയാനോ 70 വയസ്സിൽ കൂടാനോ പാടില്ലെന്ന് ചട്ടം 4(1)-ലും ബോർഡിലെ അംഗമായ social worker-ടെ കാലാവധി 3 കൊല്ലമായിരിക്കുമെന്നും പ്രസ്തുത അംഗങ്ങൾക്ക് രണ്ട് പ്രാവശ്യം മാത്രമേ അംഗമാകാൻ സാധിക്കുവെന്നത് യഥാക്രമം ചട്ടം 5(1), 5(2) എന്നിവയിൽ വ്യക്തമാക്കുന്നുവെന്ന് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ചട്ടം 9(1)-ൽ "The term of office of the Chairperson and members of the Committee shall not be for a period of more than three years from the date of their appointment". എന്നും ചട്ടം 9(2)-ൽ "The Chairperson and members of the Committee shall be eligible for appointment for a period not exceeding three years" എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും സമിതിയെ അറിയിച്ചു. പ്രസ്തുത മാറ്റങ്ങൾ വരുത്തിയ ചട്ടങ്ങൾ അടിയന്തരമായി പ്രസിദ്ധീകരിക്കേണ്ടതായി വന്നുവെന്നും സ്പെഷ്യൽ സെക്രട്ടറി കൂട്ടിച്ചേർത്തു.

വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ജുവനൈൽ ജസ്റ്റിസ് ബോർഡുകളിലെയും ചൈൽഡ് വെൽഫെയർ കമ്മിറ്റികളിലെയും മെമ്പർമാരെ തെരഞ്ഞെടുക്കുന്നതിനായി 466/2017 നമ്പർ എസ്.ആർ.ഒ. ആയി ചട്ടങ്ങൾ പ്രസിദ്ധീകരിച്ചത് സമിതി അംഗീകരിച്ചു.

(d) <u>കേരള വനിതാ കമ്മീഷൻ ആക്ട് 1990-ന്റെ ഭേദഗതി സംബന്ധിച്ചുള്ള ശിപാർശയിന്മേലുള്ള നടപടി റിപ്പോർട്ട്.</u>

(ഫയൽ നമ്പർ 6069/സബ്.സി.ജി.2/2011/നി.സെ.)

കേരള വനിതാ കമ്മീഷൻ ആക്ട് 1990-ലെ സെക്ഷൻ 15 സബ് സെക്ഷൻ (1) (a) പ്രകാരം സാക്ഷികളെ മാത്രം സമൺ ചെയ്യുന്നതിനും വിസ്തരിക്കുന്നതിനുമുള്ള അധികാരമാണ് കമ്മീഷനുള്ളതെന്നും എന്നാൽ അന്വേഷണത്തിന്റെ ആവശ്യകതയിലേയ്ക്ക് സാക്ഷികളല്ലാത്തവരെയും കേൾക്കേണ്ടത് ആവശ്യമായിവരാറുണ്ട്. ആയതിനാൽ

പ്രസ്തുത ബുദ്ധിമുട്ട് മറികടക്കുന്നതിനായി 'സാക്ഷിയേയും' എന്ന വാക്കിന് പകരം 'ഏതൊരാളേയും' എന്ന വാക്ക് ഉൾപ്പെടുത്തേണ്ടതുണ്ടെന്ന് സാമൂഹ്യനീതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

അതിൻപ്രകാരം "Summoning and enforcing the attendence of any witness and examine him" എന്ന 15(1) (a) വകുപ്പിൽ, " any witness" എന്നതിനുപകരം "any person" എന്ന രീതിയിൽ മാറ്റം വരുത്തിയിട്ടുണ്ടെന്നും നിയമത്തിൽ ഭേദഗതി വരുത്തുന്നതിനായി കേരള നിയമസഭയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടെന്നും സാമൂഹ്യനീതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി കൂട്ടിച്ചേർത്തു.

പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.

(e) 2017-18 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ

(ഫയൽ നമ്പർ 1910/സബ്.സി.ജി2/2017/നി.സെ.)

രണ്ടാമത് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 11, 13, 14, 15, 21, 22, 23, 24, 25, 26, 27, 28, 29, 30, 32, 33, 34, 35, 36, 37, 38, 39, 41 എന്നീ ശിപാർശകളിന്മേലുള്ള മറുപടി അംഗീകരിക്കുകയും 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ പ്രസ്തുത മറുപടികൾ ഉൾപ്പെടുത്താനും സമിതി തീരുമാനിച്ചു.

(f) 2015-16 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ

(ഫയൽ നമ്പർ 3296/സബ്.സി.ജി2/2015/നി.സെ.)

അഞ്ചാമത് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 55-ലെ ശിപാർശയിന്മേലുള്ള സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

(g) 2015-ലെ മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ആക്ട് കരട് ചട്ടങ്ങൾ

(ഫയൽ നമ്പർ 6481/സബ്.സി.ജി2/2015/നി.സെ.)

പ്രസ്തുത വിഷയം അടുത്ത യോഗത്തിൽ പരിഗണിക്കുന്നതിനായി തീരുമാനിച്ചു.

(h) 2017-18 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ കരട് ആക്ഷൻ ടേക്കൺ റിപ്പോർട്ട്

(ഫയൽ നമ്പർ 1910/സബ്.സി.ജി2/2017/നി.സെ.)

കരട് ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(i) 2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട്

(ഫയൽ നമ്പർ 3125/സബ്.സി.ജി2/2018/നി.സെ.)

പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ധനാഭ്യർത്ഥനകളുടെ നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിശോധനാവേളയിൽ ചെലവഴിക്കാനുള്ള തുകയെ സംബന്ധിച്ച് വ്യക്തത വരുത്തുന്നതിന് ധനകാര്യ വകുപ്പ് ഉദ്യോഗസ്ഥർ ഉണ്ടാകേണ്ടത് ആവശ്യമാണെന്ന് സമിതി അഭിപ്രായപ്പെടുകയും പ്രസ്തുത റിപ്പോർട്ടുകളുടെ പരിശോധനാവേളയിൽ ധനകാര്യ വകുപ്പ് ഉദ്യോഗസ്ഥരെ കൂടി സമിതി യോഗത്തിൽ ഹാജരാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് നിയമസഭാ സെക്രട്ടേറിയറ്റിന് നിർദ്ദേശവും നൽകി.

സമിതിയോഗം വൈകുന്നേരം 5.20-ന് അവസാനിച്ചു.

## 31-7-2018-ലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII, 2018 ജൂലൈ 31-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ എക്സ്-ഒഫീഷ്യോ അംഗവും ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുമായ ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ ഹാജരായിരുന്നു :

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എം.എൽ.എ.
2. ശ്രീ. എം. മുകേഷ്, എം.എൽ.എ.
3. ശ്രീമതി സി. കെ. ആശ, എം.എൽ.എ.
4. ശ്രീ. സി. കെ. ശശീന്ദ്രൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീമതി ജി. സുമകുമാരി, സ്പെഷ്യൽ സെക്രട്ടറി

2. ശ്രീ. വി. ജി. റിജു, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. ബിജു പ്രഭാകർ, സ്പെഷ്യൽ സെക്രട്ടറി, വനിത ശിശുവികസന വകുപ്പ്
2. ശ്രീമതി പി. ഉഷ റാണി, സെക്രട്ടറി, കേരള വനിതാ കമ്മീഷൻ
3. ശ്രീ. ബി. പ്രതാപ ചന്ദ്രൻ, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്
4. ശ്രീ. ബി. എൽ. അജിത് കുമാർ, ജോയിന്റ് സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്
5. ശ്രീമതി കെ. ഗീത, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സാമൂഹ്യനീതി വകുപ്പ്
6. ശ്രീ. ബി. വിജയകുമാർ, ഫിനാൻസ് ഓഫീസർ, കേരള വനിതാ കമ്മീഷൻ.

സമിതി, വനിതാ കമ്മീഷന്റെ പ്രവർത്തനം സംബന്ധിച്ച ചോദ്യാവലിക്കുള്ള വകുപ്പിന്റെ മറുപടി, കേരള സോഷ്യൽ വെൽഫെയർ സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടത്തിന്റെ കരട്, മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ആക്റ്റിന്റെ കരട് ചട്ടങ്ങൾ സംബന്ധിച്ച ഫയൽ വിഷയം എന്നിവ പരിഗണനയ്ക്കെടുക്കുകയും ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു :

(a) <u>വനിതാ കമ്മീഷന്റെ പ്രവർത്തനം സംബന്ധിച്ച ചോദ്യാവലിയ്ക്കുള്ള വകുപ്പിന്റെ മറുപടി സംബന്ധിച്ച്</u>

(ഫയൽ നമ്പർ 4435/സബ്.സി.ജി2/2017/നി.സെ.)

കേരള വനിതാ കമ്മീഷന്റെ പ്രവർത്തനം, നടപ്പുവർഷം നടപ്പിലാക്കാൻ തീരുമാനിച്ച പദ്ധതികൾ എന്നിവ സമിതി ആരാഞ്ഞതിന് കോഴിക്കോട് റീജിയണൽ ഓഫീസ് സ്ഥാപിക്കുക, വയനാട് ജില്ലയിലെ അവിവാഹിതരായ അമ്മമാർക്ക് സൗജന്യ നിയമോപദേശം നൽകുക, കമ്മീഷനുമായി ഒരു മുഖാമുഖം പരിപാടി, സ്പെഷ്യൽ അവയർനെസ് ക്യാമ്പയിൻ തുടങ്ങിയ നാല് പുതിയ പദ്ധതികൾ ഈ വർഷം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന് കേരള വനിതാ കമ്മീഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

അവിവാഹിതരായ അമ്മമാർക്ക് നിയമോപദേശം നൽകുന്നത് കൂടാതെ അവരെ സംരക്ഷിക്കുന്നതിനും തൊഴിൽ കൊടുക്കുന്നതിനും എന്തെങ്കിലും പാക്കേജ്

നടപ്പിലാക്കുന്നുണ്ടോയെന്ന് ആരാഞ്ഞതിന് നിയമപരമായ കാര്യങ്ങളിൽ ഇടപെടുകയെന്നതാണ് വനിതാ കമ്മീഷന്റെ കർത്തവ്യമെന്നും തൊഴിൽ പരിശീലനം, സംരക്ഷണം എന്നിവ സാമൂഹ്യനീതി വകുപ്പാണ് നടത്തേണ്ടതെന്ന് വനിതാ കമ്മീഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

വനിതാ കമ്മീഷനിൽ ലഭിക്കുന്ന പരാതികൾ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, പരാതികൾ തീർപ്പ് കൽപ്പിക്കുന്നതിന് ചെയർപേഴ്സണും മെമ്പേഴ്സും സജീവമായി പ്രവർത്തിക്കുന്നുണ്ടെന്നും 2016-17-ൽ, 3396 കേസുകൾ തീർപ്പാക്കിയിട്ടുണ്ടെന്നും 2017 നവംബർ മാസത്തെ കണക്കനുസരിച്ച് 3006 കേസുകൾ തീർപ്പാക്കാനുള്ളതിൽ 900 കേസുകളോളം തീർപ്പാക്കാൻ സാധിച്ചിട്ടുണ്ട് എന്നും രണ്ട് കക്ഷികളും ഹാജരാകാത്ത കേസുകളാണ് തീർപ്പാക്കാതെ അവശേഷിക്കുന്നതെന്നും കൂടാതെ പരാതികൾ തീർപ്പാക്കുന്നതിനായി ജില്ലകൾതോറും അദാലത്തുകൾ നടത്താറുണ്ടെന്നും നടപ്പ് വർഷം ഏകദേശം 94-ഓളം അദാലത്തുകൾ നടത്തിക്കഴിഞ്ഞു എന്നും വനിതാ കമ്മീഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു. കോടതിക്ക് കൈമാറുന്ന കേസുകൾ തീർപ്പാക്കിയെന്ന നിലയിലാണ് നടപടി സ്വീകരിക്കുന്നതെന്ന് വനിതാ കമ്മീഷൻ സെക്രട്ടറി സമിതിയെ അറിയിച്ചതിനെ തുടർന്ന് ഇരു കക്ഷികളും ഹാജരാകാത്ത കേസുകൾ പെന്റിംഗ് കേസുകളുടെ കൂട്ടത്തിൽ ഉൾപ്പെടുത്താതെ അവയെ വേർതിരിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു. കോടതിയ്ക്ക് കൈമാറിയ കേസുകൾ, കമ്മീഷൻ തീർപ്പാക്കിയ കേസുകൾ, ഇരു കക്ഷികളും ഹാജരാകാത്ത കേസുകൾ എന്നിങ്ങനെ വേർതിരിച്ച് കണക്കുകൾ രേഖപ്പെടുത്തി സൂക്ഷിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. പെൻഡിംഗ് കേസുകൾ തീർപ്പാക്കുന്നതിൽ കമ്മീഷൻ കൂടുതൽ ശ്രദ്ധ നൽകണമെന്നും അഭിപ്രായപ്പെട്ടു.

വനിതാ കമ്മീഷന്റെ കീഴിൽ ഷെൽട്ടർ ഹോമുകളുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് ആറ് അന്തേവാസികൾ ഉണ്ടായിരുന്ന ഒരു ഷോർട്ട് സ്റ്റേ ഹോം സാമ്പത്തിക ബാധ്യത കാരണം നിർത്തലാക്കിയെന്ന് കേരള വനിതാ കമ്മീഷൻ സെക്രട്ടറി അറിയിച്ചു. ഒരു ഷോർട്ട് സ്റ്റേ ഹോം ഒരു മാസം പ്രവർത്തിക്കണമെങ്കിൽ ഏകദേശം ഒരു ലക്ഷം രൂപയോളം ചെലവഴിക്കേണ്ടിവരുന്നത് പ്രായോഗികമല്ലാത്തത് കൊണ്ട് ഷോർട്ട് സ്റ്റേ ഹോം നിർത്തലാക്കുകയും അവിടെയുണ്ടായിരുന്ന ആറ് അന്തേവാസികളെ മറ്റ് ഹോമുകളിലേയ്ക്ക് മാറ്റിയെന്നും ഡൊമസ്റ്റിക് വയലൻസിന് ഇരയാകുന്നവരെയും സെക്സ് ട്രാഫിക് വിക്ടിംഗ്സ് ആയിട്ടുള്ളവരെയും പാർപ്പിക്കുന്നതിന് വനിതാ ശിശുക്ഷേമവകുപ്പിന്റെ ഷെൽട്ടറുകളും 'സ്വാധാർഗ്രഹ്', 'ഉജ്ജ്വല' എന്നീ കേന്ദ്രഗവൺമെന്റ് സ്കീമുകൾ പ്രകാരമുള്ള ഷെൽട്ടറുകളുണ്ടെന്നും, ഈ ഷെൽട്ടറുകൾ സാമൂഹ്യനീതി വകുപ്പും കേരള സാമൂഹ്യ സുരക്ഷാ ബോർഡുമാണ് നടത്തുന്നതെന്നും

വനിതാ ശിശുവികസന വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ഏതെങ്കിലും ഹോമിലേയ്ക്ക് ആരെയെങ്കിലും എത്തിക്കണമെന്നുണ്ടെങ്കിൽ വനിതാവികസന കോർപ്പറേഷന്റെ കീഴിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന മിത്ര '181' എന്ന കോൾ സെന്ററിൽ വിളിച്ചാൽ മതിയാകുമെന്നും വനിതാ കമ്മീഷനോ പോലീസോ ആരു വിളിച്ചാലും ഏത് ഹോമിലാണ് റൂം ഉള്ളതെന്ന് ഈ കോൾ സെന്റർ മുഖേന അറിയാൻ സാധിക്കുമെന്നും വനിതാ ശിശുവികസന വകുപ്പ് സ്പെഷ്യൽ സെക്രട്ടറി കൂട്ടിച്ചേർത്തു.

സാമൂഹ്യനീതി വകുപ്പിന്റെ ഭാഗമായി പ്രവർത്തിക്കുന്ന വനിതാ കമ്മീഷൻ ഒരു ക്വാസി ജുഡീഷ്യൽ ബോഡിയാണെങ്കിലും കമ്മീഷൻ എടുക്കുന്ന തീരുമാനങ്ങൾ ഡിപ്പാർട്ട്മെന്റുമായും അതിന്റെ മറ്റ് ഘടകങ്ങളുമായി ബന്ധപ്പെടുത്തി ചെയ്യുന്നതായിരിക്കും ഉചിതമെന്നും, വനിതാ കമ്മീഷന്റെ കീഴിൽ ഹോമുകൾ പ്രവർത്തിപ്പിക്കേണ്ട ആവശ്യമില്ലെന്നും കേസുകൾ തീർപ്പാക്കി അന്തേവാസികളെ ഹോമിൽ താമസിപ്പിക്കേണ്ടി വരുന്ന സന്ദർഭങ്ങളിൽ സോഷ്യൽ ജസ്റ്റിസ് സെക്രട്ടറിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുകയാണ് വേണ്ടതെന്നും സമിതി അഭിപ്രായപ്പെട്ടു.

കമ്മീഷനിലെ സ്ഥിരം, ഡെപ്യൂട്ടേഷൻ ജീവനക്കാരെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, നിലവിൽ 55 ജീവനക്കാർ ഉണ്ടെന്നും അതിൽ 33 പേർ ഡെപ്യൂട്ടേഷനിലാണെന്നും കമ്മീഷൻ സെക്രട്ടറിയെ അറിയിച്ചു.

വനിതാ കമ്മീഷന്റെ ശരിയായ പ്രവർത്തനത്തിന് അതിന്റെ പ്രവർത്തനങ്ങളിൽ സഹായിക്കാൻ തക്ക പ്രാവീണ്യമുള്ള ഒരു വർക്ക്ഫോഴ്സ് ഉണ്ടാകേണ്ടത് ആവശ്യമാണെന്നും, ആയതിന് കുറച്ച് തസ്തികകളെങ്കിലും സ്ഥിരമായുള്ളതാവണമെന്ന് വനിതാ ശിശു വികസന വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു. കമ്മീഷനിലെ ചെയർമാനും മറ്റ് അംഗങ്ങളും മാറിമാറി വരുമ്പോൾ അവരെ സഹായിക്കാൻ പഞ്ചായത്തുകളിൽ നിന്നും മറ്റ് പല വകുപ്പുകളിൽ നിന്നും ഡെപ്യൂട്ടേഷനിൽ വരുന്നവർ പ്രാപ്തരല്ലെന്നും ഡെപ്യൂട്ടേഷനിൽ വരുന്ന ഉദ്യോഗസ്ഥർ കമ്മീഷനിലെ വനിതകളുടേയും ശിശുക്കളുടേയും വിഷയങ്ങൾ കൈകാര്യം ചെയ്യുന്നവർ ആണെങ്കിൽ കുറച്ചുകൂടി നന്നായിരിക്കുമെന്ന് സ്പെഷ്യൽ സെക്രട്ടറി കൂട്ടിച്ചേർത്തു. ഡൊമസ്റ്റിക് വയലൻസ്, അബ്യൂസ് തുടങ്ങിയ വിഷയങ്ങൾ റിസർച്ച് ചെയ്ത് ഡോക്യുമെന്റുള്ള, ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ പ്രസ്തുത വിഷയവുമായി നല്ല പരിചയമുള്ള സി.ഡി.പി.ഒ.-മാർ വനിതാ ശിശു-വികസന വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവരെ വനിതാ കമ്മീഷനിൽ ഡെപ്യൂട്ടേഷനിലെ ഉദ്യോഗസ്ഥരായി നിയമിക്കാനാകുന്നുവെങ്കിൽ വനിതാ കമ്മീഷന്റെ പ്രവർത്തനത്തിന് ഒരു മുതൽ കൂട്ടായിരിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സ്പെഷ്യൽ സെക്രട്ടറിയുടെ അഭിപ്രായം അംഗീകരിച്ച സമിതി ഈ വിഷയം സർക്കാരിലേയ്ക്ക് ശിപാർശയായി നൽകുന്നതിന് തീരുമാനിച്ചു.

ശിഥിലമാകുന്ന വിവാഹബന്ധങ്ങളെ ഊട്ടിയുറപ്പിക്കുന്നതിനായി കേരള വനിതാ കമ്മീഷന്റെ ആസ്ഥാനത്ത് വച്ച് ഫാമിലി കൗൺസിലിംഗ് സൗജന്യമായി നടത്തുന്നുണ്ട് എന്നും സ്വയം തൊഴിൽ സംരംഭത്തിനോ ദുരിതബാധിതരായ സ്ത്രീകൾക്ക് സാമ്പത്തികമായ സഹായമോ കമ്മീഷൻ നൽകുന്നില്ലെന്നും ഇത്തരം വിഷയങ്ങൾ കമ്മീഷന്റെ പരിധിയിൽ വരുന്നില്ലെന്നും, കമ്മീഷൻ സെക്രട്ടറി അറിയിച്ചു. സ്ത്രീകൾക്കെതിരായ അതിക്രമങ്ങളെക്കുറിച്ച് ബോധവൽക്കരണ പരിപാടികൾ, ലീഗൽ വർക്ക്ഷോപ്പുകൾ, ജാഗ്രതാ സമിതി പരിശീലനം, പ്രീമാരിറ്റൽ കൗൺസിലിംഗ്, കലാലയങ്ങളിലും സ്കൂളുകളിലുമൊക്കെ അവയർനെസ് കൊടുക്കുന്ന കലാലയ ജ്യോതി എന്നിവയൊക്കെ വനിതാ കമ്മീഷന്റെ നേതൃത്വത്തിൽ നടത്താറുണ്ട് എന്ന് വനിതാ കമ്മീഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു. ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള പുതിയ ഗൈഡ് ലൈൻസ് സർക്കാരിലേയ്ക്ക് നൽകിയത് തദ്ദേശസ്വയംഭരണ വകുപ്പിൽ പെന്റിംഗിലാണെന്നും വനിതാ കമ്മീഷൻ സെക്രട്ടറി കൂട്ടിച്ചേർത്തു.

പല ജാഗ്രതാ സമിതികളും ഫലപ്രദമല്ലെന്നും ചില ഇടങ്ങളിൽ ജാഗ്രതാ സമിതികൾ ചേരുന്നില്ലെന്ന് ചൂണ്ടിക്കാണിച്ച സമിതി ജാഗ്രതാ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ജില്ലകളുടെ ചാർജ്ജുള്ള മെമ്പർമാർ തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികളുമായി ബന്ധപ്പെട്ട് പ്രവർത്തനം ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭിപ്രായപ്പെടുകയും ജാഗ്രതാ സമിതികൾ തദ്ദേശസ്വയംഭരണ വകുപ്പുകളുമായി ബന്ധപ്പെട്ട് പുനഃസംഘടിപ്പിക്കണമെന്നും അതിനെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും ശിപാർശ ചെയ്യാനും തീരുമാനിച്ചു.

വനിതാ കമ്മീഷൻ റിപ്പോർട്ടുകളിന്മേലുള്ള തുടർനടപടി സമയബന്ധിതമായി പൂർത്തിയാക്കുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് 2016-17-ലെ ഭരണ റിപ്പോർട്ട് മാത്രമാണ് പെന്റിംഗിലുള്ളത് എന്ന് കമ്മീഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

വനിതാ കമ്മീഷൻ ഒരു സ്വതന്ത്രബോഡിയാണെങ്കിലും കമ്മീഷന്റെ പ്രവർത്തനത്തെ സംബന്ധിച്ച് സാമൂഹ്യനീതി വകുപ്പും വനിതാശിശുവികസന വകുപ്പും കമ്മീഷൻ അംഗങ്ങളുമായി ആശയവിനിമയം നടത്തുന്നത് ഉചിതമായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെട്ടു. അത്തരത്തിൽ ഒരു യോഗം ചേരുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് വനിതാ ശിശുവികസന സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

കമ്മീഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി കോഴിക്കോട് റീജിയണൽ ഓഫീസ് ആരംഭിക്കാൻ തീരുമാനിക്കുകയും അതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട് എന്ന് കമ്മീഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

തുടർന്ന് നിർഭയ പദ്ധതിയുടെ പ്രവർത്തനങ്ങളെപ്പറ്റി വനിതാ ശിശുവികസന വകുപ്പ് സ്പെഷ്യൽ സെക്രട്ടറി താഴെപ്പറയും പ്രകാരം വിശദീകരണം നൽകുകയുണ്ടായി. വനിതാ ശിശു വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന 'നിർഭയ' പദ്ധതി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. വനിതാ ശിശുവികസന വകുപ്പിന്റെ കീഴിൽ 2010-ൽ രൂപീകരിച്ചതാണ് നിർഭയ സെൽ. നിർഭയയുടെ കീഴിൽ 12 ഹോമുകൾ ഉള്ളതിൽ എട്ട് ഹോമുകൾ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 'കേരള മഹിളാ സമഖ്യ' എന്ന സമിതിയും ബാക്കി നാലെണ്ണം 'അന്വേഷി' പോലുള്ള സംഘടനകളും നടത്തുന്നവയാണ്. എല്ലാ ജില്ലകളിലും നിർഭയ ഹോമുകളില്ല. ഹോമുകളിൽ 355 അന്തേവാസികളുണ്ട്.

355 അന്തേവാസികളിൽ ഒരു നല്ല ശതമാനം എലോപ് കേസുകളാണ്. ഇവർ പലരും പ്രായപൂർത്തിയാകാത്തവരാണ്. ഹോമുകളിലേയ്ക്ക് വരുന്ന കുട്ടികളിൽ ചിലർ മാനസിക പ്രശ്നമുള്ളവരും ചിലർ ക്രിമിനൽ വാസനയുള്ളവരുമാണ്. ഇവരിൽ ഗർഭാവസ്ഥ യിലുള്ള പെൺകുട്ടികളുമുണ്ട്. കുട്ടികളെയും മാനസിക വെല്ലുവിളി നേരിടുന്നവരെയും അബ്യൂസ് ചെയ്യപ്പെട്ടവരെയും പാർപ്പിക്കുന്നതിന് പ്രത്യേക ഹോമുകൾ നടത്തുന്നതിന് സാഹചര്യമുണ്ടാകണം. കൂടാതെ ഇതിന് ഒരു എൻട്രി ഹോമുണ്ടാകണമെന്നും അതിൽ നിന്നും അവരെ തരംതിരിച്ചതിനുശേഷം വിവിധ ഹോമുകളിലേക്ക് മാറ്റി പാർപ്പിക്കു ന്നതിന് നടപടി ഉണ്ടാകേണ്ടതാണ്. ഇത്തരം ഹോമുകളിലുള്ള മിടുക്കരായ കുട്ടികളെ പ്രത്യേകം ഒരു ഹോമിലേക്ക് മാറ്റുന്ന പദ്ധതിയായ 'തേജോമയ ഹോം' ഈ വർഷത്തെ ബഡ്ജറ്റിൽ അനൗൺസ് ചെയ്തിട്ടുണ്ട്. എറണാകുളത്ത് ജില്ലാ പഞ്ചായത്തിനോട് ചേർന്ന് തേജോമയ ഹോം ആരംഭിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ മൂന്നോ നാലോ ഹോമുകൾ ആവശ്യമായി വരുന്നതാണ്.

നിർഭയ സെല്ലിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് പോക്സോ നിയമപ്രകാരമുള്ള കേസുകൾ കേരളത്തിൽ 3 കോടതികളിൽ കൈകാര്യം ചെയ്യുന്നുണ്ട്. എറണാകുളത്ത് പ്രവർത്തിക്കുന്ന കോടതിയെ പോക്സോ നിയമപ്രകാരം പ്രവർത്തിക്കുന്ന പ്രത്യേക കോടതിയായി ഡെസിഗ്നേറ്റ് ചെയ്തിട്ടുണ്ടെങ്കിലും 250 പോക്സോ കേസുകളും 150 സ്ത്രീകളും കുട്ടികളുമായി ബന്ധപ്പെട്ട കേസുകളും നിലവിൽ അവിടെയുണ്ട്. സംസ്ഥാനത്ത് 9 വർഷമായി കുട്ടികളുടെ കേസുകൾ തീർപ്പാക്കാൻ സാധിക്കുന്നില്ലെന്ന പ്രശ്നം നിലനിൽക്കുന്നുണ്ട്.

പോക്സോ നിയമപ്രകാരമുള്ള ഒരു കോടതി പ്രവർത്തിക്കണമെങ്കിൽ ജഡ്ജി ഉൾപ്പെടെയുള്ള 19 തസ്തികകൾ സൃഷ്ടിക്കണമെന്നും ഇത്തരം കോടതികൾ രണ്ട് മാസത്തിനകം വിചാരണ പൂർത്തീകരിക്കണമെന്നും ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരം കേസുമായി ബന്ധപ്പെട്ട് പോലീസ് അന്വേഷണം, കേസിന്റെ

വാദം മാറ്റിവയ്ക്കൽ എന്നിവ തുടരുന്നതിനാൽ 9 വർഷമായിട്ടും വിചാരണ ആരംഭിക്കാൻ പോലും സാധിക്കാത്ത സ്ഥിതിവിശേഷമാണുള്ളത്. ഇത്തരം കേസുകളിലെ വിചാരണ അതിവേഗം പൂർത്തിയാക്കേണ്ട സംവിധാനമുണ്ടാകേണ്ടതാണ്.

കുട്ടികൾ നേരിടുന്ന മാനസിക വെല്ലുവിളിയാണ് മറ്റൊരു പ്രശ്നം. പരിചയക്കാരിൽ നിന്നോ കുടുംബാംഗങ്ങളിൽ നിന്നോ പീഡനം നേരിട്ട കുട്ടികൾ കോടതികളിൽ പരസ്യമായി ഹാജരാക്കപ്പെടുമ്പോൾ കോടതി പരിസരത്ത് അത്തരം ആളുകളുടെ സമീപനം കുട്ടികളിൽ മാനസിക സമ്മർദ്ദം സൃഷ്ടിക്കാനിടയാകുന്നുണ്ട്. അങ്ങനെ സംഭവിക്കുന്നതുമൂലം പോക്സോ നിയമപ്രകാരം ശിക്ഷിക്കപ്പെടുന്നവരുടെ എണ്ണം കുറയുന്നു. കുട്ടികൾക്ക് അനുകൂല അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് എറണാകുളം പോക്സോ കോടതിയിൽ വീഡിയോ കോൺഫറൻസ് മുഖേന കുട്ടികളുടെ മൊഴിയും മറ്റും രേഖപ്പെടുത്താനുള്ള സംവിധാനം നടന്നുവരുന്നു. ഇത്തരം ഒരു അനുകൂല അന്തരീക്ഷം മറ്റ് കോടതികളിലേയ്ക്കും വ്യാപിപ്പിക്കേണ്ടതായിട്ടുണ്ട്. പോക്സോ കോടതികളിലെ കേസുകൾ സമയബന്ധിതമായി തീർപ്പാക്കാൻ സാധിച്ചാൽ മാത്രമേ ഈ കുട്ടികൾക്ക് നീതി ലഭിക്കുകയുള്ളൂ. സ്പെഷ്യൽ സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരം സമിതി അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും നിർദ്ദേശിക്കുകയും ചെയ്തു:

കുട്ടികൾ നേരിട്ട പീഡനത്തേക്കാൾ കൂടുതൽ പീഡനമാണ് വിചാരണ വേളകളിൽ കോടതികളിൽ നിന്ന് നേരിടേണ്ടി വരുന്നതെന്നും ഈ സാഹചര്യം ഒഴിവാക്കുന്നതിനായി 'ചൈൽഡ് ഫ്രണ്ട്ലി' ആയിട്ടുള്ള കോടതി സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

വിവിധ സ്വഭാവത്തിലും പ്രായത്തിലുമുള്ള കുട്ടികളെ ഒരുമിച്ച് പാർപ്പിക്കുന്ന രീതിയാണ് ഹോമുകളിൽ കാണപ്പെടുന്നത്. ഇത് അശാസ്ത്രീയമാണെന്ന് സമിതി ചൂണ്ടിക്കാണിക്കുകയും കെയർ ഹോമുകൾ വളരെ പരിതാപകരമായ അവസ്ഥയിൽ പ്രവർത്തിക്കുന്നുവെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. കുട്ടികളുടെ മാനസികോല്ലാസത്തിനായി വകുപ്പ് ക്യാമ്പുകൾ സംഘടിപ്പിക്കേണ്ടതാണെന്നും, താൻ ആക്രമിക്കപ്പെട്ട വ്യക്തിയാണെങ്കിലും തങ്ങൾക്കും സമൂഹത്തിൽ സ്ഥാനമുണ്ടെന്നുമുള്ള തോന്നൽ കുട്ടികളിൽ ജനിപ്പിക്കാൻ ഇത്തരം ക്യാമ്പുകൾക്ക് സാധിക്കണമെന്നും കുട്ടികളിൽ മാനസികോല്ലാസവും ആത്മവിശ്വാസവും ഉണ്ടാകുന്ന പ്രവർത്തനങ്ങൾ ഇത്തരം ക്യാമ്പുകൾ വഴി ഉണ്ടാക്കിയെടുക്കാൻ സാധിക്കുമെന്ന് സമിതി അഭിപ്രായപ്പെട്ടു.

നിർഭയ കേന്ദ്രത്തിൽ മാത്രമല്ല മറ്റ് കെയർ ഹോമുകളിലേയും വൃദ്ധസദനങ്ങളിലേയും പീഡനങ്ങൾ അവസാനിപ്പിക്കുന്നതിനായി വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതായിട്ടുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു.

വിവിധ സ്വഭാവത്തിലുള്ള കുട്ടികളെ അവരുടെ സ്വഭാവം അനുസരിച്ച് വിവിധ രീതിയിലുള്ള കെയർ ഹോമുകളിൽ പാർപ്പിക്കുന്നതിന് കെയറുകളെ തരംതിരിക്കേണ്ടതുണ്ട്. കെയർ ഹോമുകളുടെ നവീകരണത്തിന് വലിയൊരു തുക ആവശ്യമാണ്. അതിനായി സ്ത്രീകളുടെയും കുട്ടികളുടെയും വകുപ്പും സാമൂഹ്യനീതി വകുപ്പും ചേർന്ന് പ്രവർത്തിക്കേണ്ടതുണ്ട്.

ഫണ്ടിന്റെ അപര്യാപ്തത പരിഹരിക്കുന്നതിനായി ഒരു പ്രോജക്ട് തയ്യാറാക്കി പൊതുസമൂഹത്തിൽ അവതരിപ്പിക്കണമെന്നും അതു വഴി ലഭിക്കുന്ന ഫണ്ട് കെയർ ഹോമുകളുടെ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

(b) <u>കേരള സോഷ്യൽ വെൽഫെയർ സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടത്തിന്റെ കരട് സംബന്ധിച്ച്</u>

(ഫയൽ നമ്പർ 4388/സബ്.സി.ജി2/2018/നി.സെ.)

ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II (കാറ്റഗറി 5), ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III/ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ (കാറ്റഗറി 12) എന്നീ തസ്തികകളിലേയ്ക്ക് വകുപ്പിലെ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിലെ ജീവനക്കാരുടെ ബൈ-ട്രാൻസ്ഫർ മുഖേനയുള്ള നിയമനം അവസാനിപ്പിക്കുന്നതിനും, സ്പെഷ്യൽ ടീച്ചർ (കാറ്റഗറി 14) വിഭാഗത്തെ ക്ഷേമസ്ഥാപനം സൂപ്രണ്ട് ഗ്രേഡ് II തസ്തികയുടെ ഫീഡർ കാറ്റഗറിയാക്കുന്നതിനും ആയി കൊണ്ടുവന്ന The Special Rules for the Kerala Social Welfare Subordinate Service (Amendment) 2018-ന്റെ കരട് ചട്ടം സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

**സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ വിഷയം**

(c) <u>മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ആക്ട്-കരട് ചട്ടങ്ങൾ സംബന്ധിച്ച ഫയൽ വിഷയം</u>

(ഫയൽ നമ്പർ 6481/സബ്.സി.ജി2/2015/നി.സെ.)

മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ആക്ടിന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കേണ്ട കരട് ചട്ടങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് പൊതുഭരണ (ഏകോപനം) വകുപ്പിന് നിരവധി കത്തുകളും ഓർമ്മക്കുറിപ്പുകളും അർദ്ധ ഔദ്യോഗിക കത്തുകളും അയച്ചുവെങ്കിലും നാളിതുവരെയും കരട് ചട്ടങ്ങൾ ലഭ്യമാക്കാത്തതിനാൽ രണ്ടാഴ്ചയ്ക്കകം കരട് ചട്ടങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് കത്ത് അയയ്ക്കുന്നതിനും, കരട് ചട്ടങ്ങൾ രണ്ട് ആഴ്ചയ്ക്കകം ലഭ്യമാക്കുന്നില്ലെങ്കിൽ ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്താനും സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് 12.15-ന് പിരിഞ്ഞു.

## 24-10-2018-ലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII, 2018 ഒക്ടോബർ 24-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് ശേഷം 3.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനും പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുമായ ശ്രീ. എ. കെ. ബാലന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എം.എൽ.എ.
2. ശ്രീ. യു. ആർ. പ്രദീപ്, എം.എൽ.എ.
3. ശ്രീ. സി. കെ. ശശീന്ദ്രൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീമതി ജി. സുമകുമാരി, സ്പെഷ്യൽ സെക്രട്ടറി
2. ശ്രീ. ബി. റെജി, ഡെപ്യൂട്ടി സെക്രട്ടറി.

<u>ഹാജരായ മറ്റ് ഉദ്യോഗസ്ഥർ</u> :

1. ശ്രീ. പി. എം. അലി അസ്ഗർ പാഷ, ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്
2. ശ്രീ. പി. പുകഴേന്തി, ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
3. ശ്രീമതി ആർ. താരാദേവി, അഡീഷണൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്
4. ശ്രീമതി എസ്. സന്ധ്യ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
5. ശ്രീ. എം. രാജേഷ്കുമാർ, ജോയിന്റ് സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്
6. ശ്രീ. വി. ജി. പ്രദീപ് കുമാർ, ജോയിന്റ് സെക്രട്ടറി, പട്ടികവർഗ്ഗ വികസന വകുപ്പ്
7. ശ്രീ. എം. നജീം, ജോയിന്റ് ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (എ) പ്രകാരം മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനം, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കൺസൾട്ടേഷൻ ബൈ കോർപ്പറേഷൻ ആന്റ്

കമ്പനീസ്) അമെൻ്റ്മെൻ്റ് റൂൾസ് 2018-ന്റെ കരട് ചട്ടം എന്നിവ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുംപ്രകാരം ചർച്ച ചെയ്യുകയുമുണ്ടായി :

1. **കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (എ) പ്രകാരം മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനം സംബന്ധിച്ച ചർച്ച**

(ഫയൽ നമ്പർ 4944/സബ്.സി.ജി2/2018/നി.സെ.)

മോഡൽ റസിഡൻഷ്യൽ സ്കൂളുകളെക്കുറിച്ച് ചെയർമാൻ ആമുഖമായി വിശദീകരിച്ചു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ. പശ്ചാത്തല സൗകര്യങ്ങളുടെ കാര്യത്തിലായാലും അക്കാദമിക് മികവിന്റെ കാര്യത്തിലായാലും മികച്ച നിലവാരമാണ് അവ പുലർത്തിവരുന്നത്. തുടക്കത്തിൽ മികവ് പ്രകടിപ്പിക്കാത്ത കുട്ടികൾ പോലും കാലക്രമേണ തങ്ങളുടെ മികവ് തെളിയിച്ച് നല്ല രീതിയിൽ വളർന്ന് വരുന്നതായാണ് കാണാൻ സാധിക്കുന്നത്. മികവ് പ്രകടിപ്പിക്കുന്ന ഏതാനും എം.ആർ.എസ്.-കൾ കോളേജ് തലത്തിലേക്ക് ഉയർത്തണമെന്ന ആവശ്യം ഉയർന്നു വന്നിട്ടുണ്ട്. സ്കൂൾ പഠനം പൂർത്തിയാക്കുന്ന കുട്ടികളിൽ പലരും എം.ആർ.എസ്.-കളുടെ അന്തരീക്ഷത്തിൽ നിന്നും മാറുമ്പോൾ തുടർപഠനം ഉപേക്ഷിക്കുന്നതായാണ് കണ്ടുവരുന്നത്. പ്ലസ് I നടപ്പാക്കിയ അവസരത്തിൽ ഇത്തരമൊരു പ്രവണതയുടെ അടിസ്ഥാനത്തിൽ എസ്.ടി. വിദ്യാർത്ഥികൾ കൊഴിഞ്ഞുപോയിരുന്ന അവസ്ഥയുണ്ടായിരുന്നു. തുടർന്ന് പ്ലസ് 2 തലം വരെ എം.ആർ.എസ്. മാതൃക നടപ്പാക്കിയപ്പോൾ ആ പ്രശ്നം അവസാനിപ്പിക്കാൻ സാധിച്ചു. പല കുട്ടികളും ഇത്തരം സൗകര്യമില്ലാത്തതിനാൽ ബിരുദം നേടുന്നതിനായി ജനറൽ കോളേജുകളിൽ ചേർന്നിരുന്ന സാഹചര്യത്തിലാണ് കോളേജ് എന്ന് ആശയം രൂപപ്പെട്ടുവരുന്നത്.

തിരുവനന്തപുരത്തെ വെള്ളായണിയിലെ എം.ആർ.എസ്. ഉൾപ്പെടെ 9 സ്ഥാപനങ്ങളിലായി 2097 വിദ്യാർത്ഥികളാണ് പഠിക്കുന്നത്. അതിൽ സ്പോർട്സ് സ്കൂളുകളും ഉൾപ്പെടുന്നുണ്ട്. ഇവയിൽ പലതും ദേശീയ-അന്തർദ്ദേശീയ തലങ്ങളിൽ മികവ് തെളിയിച്ച സ്കൂളുകളാണ്. അഞ്ചെണ്ണം ആൺകുട്ടികൾക്കും രണ്ടെണ്ണം പെൺകുട്ടികൾക്കും മറ്റ് രണ്ടെണ്ണം ആൺകുട്ടികളും പെൺകുട്ടികളും ചേർന്ന് പഠിക്കുന്ന സ്കൂളുകളുമാണ്. ആറ് സ്കൂളുകളിൽ നിലവിൽ പ്ലസ് 2 കോഴ്സുകളുണ്ട്. വടക്കാഞ്ചേരി എം.ആർ.എസ്.-ൽ അടുത്ത വർഷം മുതൽ പ്ലസ് 2 ബാച്ച് ആരംഭിക്കുകയാണ്.

ബാക്കിയുള്ളവയിൽ പശ്ചാത്തല സൗകര്യത്തിന്റെ അപര്യാപ്തത കാരണം പ്ലസ് 2 ബാച്ച് ആരംഭിക്കാൻ സാധിച്ചിട്ടില്ല.

എസ്. ടി. വിഭാഗത്തിൽ 20 സ്ഥാപനങ്ങളാണ് പ്രവർത്തിച്ചുവരുന്നത്. അതിൽ ഏതാണ്ട് എല്ലാ സ്ഥാപനങ്ങളും 100% വിജയം കൈവരിക്കുന്നവയാണ്. ട്രൈബൽ മേഖലയിൽ നിന്നുള്ള 6070 വിദ്യാർത്ഥികളാണ് ഈ സ്കൂളുകളിൽ പഠിക്കുന്നത്. ഇതിൽ 14 എം.ആർ.എസ്.-കൾ പ്ലസ് 2 തലം വരെ പ്രവർത്തിക്കുന്നവയാണ്. 9 സ്കൂളുകളിൽ സയൻസ് ഗ്രൂപ്പും 5 സ്കൂളുകളിൽ ഹ്യുമാനിറ്റീസ് ഗ്രൂപ്പും 8 സ്കൂളുകളിൽ കൊമേഴ്സ് ഗ്രൂപ്പും നിലവിലുണ്ട്.

യൂണിഫോം അലവൻസായി ഒരു വർഷം 1 മുതൽ 12-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് 3,750 രൂപയും നോട്ട്ബുക്ക്, സ്റ്റേഷനറി എന്നിവയ്ക്ക് 1 മുതൽ 7 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് 688 രൂപയും 8-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടിക്ക് 1,000 രൂപയും 9-ാം ക്ലാസ്സിലെ കുട്ടിക്ക് 1,375 രൂപയും 10-ാം ക്ലാസ്സിലെ കുട്ടിക്ക് 2,375 രൂപയുമാണ് നൽകുന്നത്. പ്ലസ് 1, പ്ലസ് 2 ക്ലാസ്സുകളിലെ കുട്ടികൾക്ക് നിലവിൽ അലവൻസ് നൽകുന്നുണ്ടെങ്കിൽ ആയതിന്റെ 60% വർദ്ധനവ്/അലവൻസ് നൽകുന്നില്ലെങ്കിൽ 1,875 രൂപ പ്രതിവർഷം എന്ന നിരക്കിൽ നൽകുന്നു. പത്രങ്ങൾക്കും ആനുകാലികങ്ങൾക്കുമായി 1 മുതൽ 12 വരെ ക്ലാസ്സുകൾക്ക് 1,875 രൂപയും സോപ്പ്, എണ്ണ എന്നിവയ്ക്ക് 1 മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് 94 രൂപയും +1, +2 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 125 രൂപയും ടവ്വൽ, കണ്ണാടി, ചീപ്പ് എന്നിവയ്ക്ക് 1 മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് 125 രൂപയും +1, +2 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 188 രൂപയും, മുടി വെട്ടുന്നതിന് ഒരു കുട്ടിക്ക് പ്രതിമാസം 25 രൂപയും നൽകുന്നുണ്ട്. സ്പോർട്സ് ഉപകരണങ്ങൾക്കായി 1 മുതൽ 12 ക്ലാസ്സ് വരെ 12,500 രൂപയും മെഡിക്കൽ അലവൻസായി പ്രതിമാസം ഒരു കുട്ടിക്ക് 94 രൂപയും വാഷിംഗ് അലവൻസായി 1 മുതൽ 10-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് 135 രൂപയും +1, +2 കുട്ടികൾക്ക് 150 രൂപയുമാണ് നൽകുന്നത്. എം.ആർ.എസ്.-കളിലെ 5 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 2,500 രൂപ നിരക്കിലും +1, +2 വിദ്യാർത്ഥികൾക്ക് 2,875 രൂപ നിരക്കിലും മെസ് ചാർജ്ജ് നൽകുന്നുണ്ട്.

പ്രസ്തുത വിവരങ്ങൾ ചെയർമാൻ സമിതിയെ അറിയിച്ചു. കൂടാതെ നിലവിൽ മെസ് ചാർജ്ജ് ഇനത്തിൽ എത്ര രൂപയാണ് നൽകുന്നതെന്ന് വകുപ്പിനോട് ആരായുകയും 2,500 രൂപയാണ് മെസ് ചാർജ്ജായി നൽകിവരുന്നതെന്ന് പട്ടികജാതി വികസന വകുപ്പ് സമിതിയെ അറിയിക്കുകയും ചെയ്തു. നിലവിൽ അതിലും കുറവാണ് വേണ്ടിവരുന്നതെന്നും കുട്ടികളുടെ ക്ഷേമം അന്വേഷിച്ച് എത്തുന്ന കുടുംബാംഗങ്ങൾക്കും മെസ്സിൽ നിന്ന് ഭക്ഷണം നൽകുന്നുണ്ടെന്നും ചെയർമാൻ സമിതിയെ അറിയിച്ചു.

അയ്യൻകാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ ഹയർ സെക്കന്ററി സ്കൂളിലെ വിദ്യാർത്ഥികൾക്ക് സ്പോർട്സ് യൂണിഫോം, ഹോസ്റ്റൽ, ഡ്രസ്സ്, മെസ്സ് അലവൻസ്, ബസ്സ്

ചാർജ്ജ്, പോക്കറ്റ് മണി എന്നിവ അനുവദിക്കുകയും പ്രതിദിന ബസ്സ് ചാർജ്ജ് 130 രൂപയിൽ നിന്ന് 200 രൂപയാക്കി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ദൈനംദിന കായിക പരിശീലനത്തിനായി മൂന്ന് ജോഡി സ്പോർട്സ് യൂണിഫോമുകളും കായിക മേഖലയിലെ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡും മെഡലും നൽകുന്നുണ്ട്. എല്ലാ എം.ആർ.എസ്.-കളിലും കമ്പ്യൂട്ടർ ലാബുകൾ, സ്മാർട്ട് ക്ലാസ്സ് റൂം, ലൈബ്രറി എന്നിവയും സജ്ജീകരിച്ചിട്ടുണ്ട്. എം.ആർ.എസ്.-കളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന്റെ ഭാഗമായി ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ പുന്നപ്ര എം.ആർ.എസ്.-ന് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. ഇവയിൽ യൂണിസെഫ് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ക്ലാസ്സ് റൂമുകൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ ഹൈടെക്ക് ആക്കാനും തീരുമാനമെടുത്തിട്ടുണ്ട്. കുഴൽമന്ദത്തെ പെരിങ്ങോട്ട്കുറിശ്ശ് എം.ആർ.എസ്.-ൽ ക്ലാസ്സുകൾ ഹൈടെക്ക് ആക്കി മാറ്റിയിട്ടുണ്ട്. എല്ലാ എം.ആർ.എസ്.-കളിലും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൗമാരപ്രായക്കാരായ വിദ്യാർത്ഥികൾക്ക് വീട്ടിൽ നിന്ന് മാറി നിൽക്കുമ്പോൾ ഡിപ്രഷനുണ്ടാകാനിടയുണ്ട് എന്ന നിഗമനത്തിൽ അവർക്കായി എല്ലാ എം.ആർ.എസ്.-കളിലും ഓരോ കൗൺസിലർമാരെ നിയോഗിച്ചിട്ടുണ്ട്. മനഃശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും കൗൺസിലിംഗിൽ പ്രവർത്തിപരിചയവും ഉള്ളവരെയാണ് കൗൺസിലർമാരായി നിയമിച്ചിരിക്കുന്നത്. ഇവർക്ക് പ്രതിമാസം 20,000 രൂപ ഓണറേറിയം നൽകുന്നുണ്ട്. വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി ഓരോ എം.ആർ.എസ്.-ലും മേട്രൻ-കം-റെസിഡന്റ് ട്യൂട്ടർമാരെ നിയമിക്കുകയും അവർ വിദ്യാർത്ഥികൾക്ക് ട്യൂഷൻ എടുക്കുകയും ചെയ്യുന്ന തരത്തിലുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമേ പുതുതായി ആരംഭിക്കുന്ന തിരുവനന്തപുരത്തെ തോന്നയ്ക്കലിലുള്ള എം.ആർ.എസ്., കണ്ണൂരിലെ തളിപ്പറമ്പ് എം.ആർ.എസ്., കോഴിക്കോട് ജില്ലയിലെ ചക്കിട്ടപാറ എം.ആർ.എസ്. എന്നിവ കിഫ്ബിയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിന്റെ കാര്യത്തിലും സൗകര്യങ്ങൾ ഇത്തരത്തിൽ തന്നെയാണ് ഏർപ്പെടുത്തിയിരിക്കുന്നത്.

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി നിലവിലുള്ള എം.ആർ.എസ്.-കൾക്ക് പുറമേ 10 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിലെല്ലാമായി ഏകദേശം 12,000 വിദ്യാർത്ഥികളാണ് സംസ്ഥാനത്ത് താമസിച്ച് പഠനം നടത്തുന്നത്. വർഷാവർഷമുള്ള ഹോസ്റ്റലുകളുടെയും എം.ആർ.എസ്.-കളുടെയും അറ്റകുറ്റപ്പണികൾ വകുപ്പിനെ അലട്ടിയിരുന്ന ഒരു പ്രധാന പ്രശ്നമായിരുന്നുവെന്നും അതിന് പരിഹാരം കണ്ടെത്താൻ ഇപ്പോൾ സാധിച്ചിട്ടുണ്ടെന്നും വരുംകാലങ്ങളിൽ ഓരോ വർഷവും അറ്റകുറ്റപ്പണികൾ നടത്താനാണ് നിശ്ചയിച്ചിരിക്കുന്നതെന്നും ചെയർമാൻ സമിതിയെ അറിയിച്ചു.

സ്വന്തമായി ഒരു എഞ്ചിനീയറിംഗ് വിഭാഗമില്ലാത്തതാണ് വകുപ്പ് നേരിടുന്ന പ്രധാന പ്രശ്നം. നിലവിൽ പി.ഡബ്ല്യു.ഡി.-ക്കാണ് എസ്റ്റിമേറ്റ് എടുക്കാൻ നിർദ്ദേശം നൽകുന്നത്. എന്നാൽ അവരുടെ ജോലിഭാരം കാരണം അതിന് കാലതാമസം നേരിടുന്നുണ്ട്. അതിനാൽ പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിനായി ഒരു എഞ്ചിനീയറിംഗ് വിഭാഗം ആരംഭിക്കണമെന്ന സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശ സർക്കാരിലേക്ക് സമർപ്പിക്കുന്നത് ഉചിതമായിരിക്കുമെന്നും അതിനാൽ വകുപ്പിന് കീഴിൽ ഒരു എഞ്ചിനീയറിംഗ് വിഭാഗം ആരംഭിക്കണമെന്ന് ശിപാർശ ചെയ്യാവുന്നതാണെന്നും ചെയർമാൻ അഭിപ്രായപ്പെട്ടു.

മുൻകാലങ്ങളിൽ ജനപ്രതിനിധികൾ ചെയർമാനും വകുപ്പുദ്യോഗസ്ഥർ കൺവീനർ മാരുമായി ഓരോ ഹോസ്റ്റലുകൾക്കും ഒരു അഡ്വൈസറി കമ്മിറ്റി രൂപീകരിച്ചിരുന്നുവെന്നും അവ യഥാസമയം യോഗം ചേർന്ന് അവലോകനം നടത്തുകയാണെങ്കിൽ പ്രശ്നങ്ങൾ വേഗത്തിൽ പരിഹരിക്കാൻ സാധിക്കുന്നതാണെന്നും അതിനാൽ ഉപദേശക സമിതികൾ പുനരുജ്ജീവിപ്പിക്കുന്നതിനും സമയബന്ധിതമായി യോഗം ചേരുന്നതിനും നിർദ്ദേശം നൽകാവുന്നതാണെന്നും ചെയർമാൻ അഭിപ്രായപ്പെട്ടു. നിലവിൽ സമിതികൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് സമിതി ആരായുകയും ഉണ്ട് എന്ന് വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയ്ക്ക് മറുപടി നൽകുകയും ചെയ്തു.

എം.ആർ.എസ്.-കളിൽ മതിയായ അദ്ധ്യാപകരില്ലെന്നതാണ് വകുപ്പ് നേരിടുന്ന പ്രധാന പ്രശ്നം. കൂടുതലും ഗസ്റ്റ് ലക്ചറർമാരാണുള്ളത്. ക്വാളിറ്റിയുള്ള അദ്ധ്യാപകരുടെ കുറവ് അനുഭവപ്പെടുന്നുണ്ട് എന്നും സമിതിയിൽ വിശദീകരിക്കപ്പെട്ടു. ഈ വിഷയം വിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ എന്ന് സമിതി വകുപ്പിനോട് ആരാഞ്ഞു. മറുപടിയായി വിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്ന് പട്ടികജാതി വികസന വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

പോസ്റ്റ് ക്രിയേഷന് വേണ്ടിവരുന്ന ചെലവിനെ സംബന്ധിച്ചും എത്ര പോസ്റ്റ് വേണമെന്നുള്ള വിശദാംശവും ഉടനെ അറിയിക്കാമെന്ന് പ്രിൻസിപ്പൽ സെക്രട്ടറി വിളിച്ചുചേർത്ത മീറ്റിംഗിൽ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി പറഞ്ഞിട്ടുണ്ടെന്നും . ഹയർ സെക്കന്ററി ഡയറക്ടറും പ്രസ്തുത യോഗത്തിൽ പങ്കെടുത്തിരുന്നു എന്നും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. കൂടാതെ നിരന്തരം കോടതി ഇടപെടൽ ഉണ്ടാകുന്നതുകൊണ്ട് ഹയർ സെക്കന്ററി വിഭാഗത്തിൽ അദ്ധ്യാപകരുടെ സ്ഥലംമാറ്റം നടക്കുന്നില്ല. ഹയർ സെക്കന്ററി വിഭാഗത്തിലും അദ്ധ്യാപകരുടെ കുറവുണ്ട്. പോസ്റ്റ് ക്രിയേററ് ചെയ്താലും അദ്ധ്യാപകരെ അനുവദിക്കുന്നത് പൊതുവിദ്യാഭ്യാസ വകുപ്പാണെന്നും അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ഹൈസ്കൂൾ തലംവരെ ഡി.പി.ഐ.-യുടെ തെരഞ്ഞെടുപ്പ് കമ്മിറ്റിയിൽ ഡയറക്ടറും കൂടി പ്രതിനിധിയാണെന്നും, ഡി.പി.ഐ.-യും ഡയറക്ടറും ചേർന്നാണ് അദ്ധ്യാപകരെ

തെരഞ്ഞെടുക്കുന്നതെന്നും ഹയർ സെക്കന്ററിയിൽ ഇപ്പോൾ ആ സിസ്റ്റം അഡോപ്റ്റ് ചെയ്യാമെന്ന് തീരുമാനിച്ചിട്ടുണ്ടെന്നും അങ്ങനെ ആയാൽ ആ പ്രശ്നം പരിഹരിക്കപ്പെടും എന്നും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

എം.ആർ.എസ്.-കളിലെ ഹൈസ്കൂളുകളിൽ ആവശ്യത്തിന് അദ്ധ്യാപകരുണ്ടോ എന്ന് സമിതി വകുപ്പിനോട് ആരായുകയും ചില സ്ഥലങ്ങളിൽ 50% വരെ കുറവുണ്ട് എന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിക്കുകയും ചെയ്തു. കളക്ടർ ചെയർമാനായിട്ടുള്ള കമ്മിറ്റി ഇന്റർവ്യൂ നടത്തി ഓരോ വർഷത്തേയ്ക്കും കോൺട്രാക്ട് അടിസ്ഥാനത്തിലാണ് അദ്ധ്യാപകരെ തെരഞ്ഞെടുക്കുന്നതെന്ന് അഡീഷണൽ സെക്രട്ടറി കൂട്ടിച്ചേർത്തു.

അദ്ധ്യാപകർക്കുള്ള താമസസൗകര്യമൊരുക്കിയ ശേഷമാണ് എം.ആർ.എസ്.-കൾ ആരംഭിക്കുന്നതെന്ന് ചെയർമാൻ പറഞ്ഞു. കൂടാതെ ഒഴിവുള്ള വേക്കൻസി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്നും എത്ര അദ്ധ്യാപകരുടെ കുറവുണ്ടെന്നും ചെയർമാൻ വകുപ്പിനോട് ആരാഞ്ഞു.

221 സ്ഥിരം അദ്ധ്യാപകരും കരാറടിസ്ഥാനത്തിലുള്ള 119 അദ്ധ്യാപകരുമാണുള്ളത്. 50% കരാറടിസ്ഥാനത്തിലാണ് നിയമിക്കുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ഡോ. പി. പുകഴേന്തി സമിതിയ്ക്ക് മറുപടി നൽകി.

പോസ്റ്റ് ക്രിയേറ്റ് ചെയ്യേണ്ടിവരുമോ എന്ന ചെയർമാന്റെ ചോദ്യത്തിന് ഇല്ല എന്നും ഇതെല്ലാം ക്രിയേറ്റ് ചെയ്ത പോസ്റ്റുകളാണെന്നും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അറിയിച്ചു. ഇതല്ലാതെയുള്ള പോസ്റ്റുകളാണ് വിദ്യാഭ്യാസ വകുപ്പിൽനിന്നും അനുവദിക്കേണ്ടത്. നിലവിൽ 50% ഒഴിവുകൾക്ക് അദ്ധ്യാപകരെ വിദ്യാഭ്യാസ വകുപ്പിൽ നിന്നും നൽകാനുണ്ട് എന്നും ഡയറക്ടർ കൂട്ടിച്ചേർത്തു.

അദ്ധ്യാപകരെ നിയമിക്കുന്നതിൽ നിലവിൽ എന്ത് തടസ്സമാണുള്ളതെന്ന് ചെയർമാൻ വകുപ്പിനോട് ആരാഞ്ഞു.

ഹൈസ്കൂൾ തലംവരെ എം.ആർ.എസ്.-കളിൽ ജോലി ചെയ്യാൻ താല്പര്യമുള്ള അദ്ധ്യാപകരുടെ ലിസ്റ്റ് തയ്യാറാക്കിയ ശേഷം കമ്മിറ്റിയിൽ അവരുടെ ഇന്റർവ്യൂ നടത്തിയാണ് നിയമിക്കുന്നത്. പൊതുവെ പലരും അടുത്തുള്ള എം.ആർ.എസ്.-ൽ നിയമനം ലഭിച്ചില്ലെങ്കിൽ ജോയിൻ ചെയ്യാൻ താല്പര്യപ്പെടാറില്ല. പ്രസ്തുത വിവരങ്ങൾ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

പത്താം ക്ലാസ്സ് വരെയുള്ള ക്ലാസ്സുകളിലേക്ക് അദ്ധ്യാപകരെ നിയമിക്കേണ്ടത് വിദ്യാഭ്യാസ വകുപ്പാണ്. അവിടെ നിന്നും വേണ്ടത്ര അദ്ധ്യാപകരെ ലഭിക്കാത്ത

സാഹചര്യത്തിൽ ടി പ്രശ്നം എങ്ങനെ പരിഹരിക്കാൻ സാധിക്കുമെന്ന് ചെയർമാൻ വകുപ്പിനോട് ആരാഞ്ഞു.

പട്ടികജാതി വികസന വകുപ്പിന് ഒരു പ്രത്യേക കേഡർ വേണമെന്ന പ്രൊപ്പോസൽ ഉണ്ടായിരുന്നുവെന്നും അത് നിലവിൽ വന്നാൽ പ്രശ്നം പരിഹരിക്കപ്പെടുമെന്നും വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി ബഹു. ചെയർമാൻ ചർച്ച നടത്തണമെന്നും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

പ്രത്യേക കേഡറിന്റെ ആവശ്യമെന്താണെന്ന് ചെയർമാൻ വകുപ്പിനോട് ആരായുകയും പല അദ്ധ്യാപകരും എം.ആർ.എസ്.-കളിൽ ജോലി ചെയ്യാൻ താല്പര്യപ്പെടാത്തതു കൊണ്ടാണ് പ്രത്യേക കേഡർ വേണമെന്ന് പറയുന്നതെന്നും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

അദ്ധ്യാപകരെ പോസ്റ്റ് ചെയ്ത് കഴിഞ്ഞാൽ അവർ തീർച്ചയായും ജോയിൻ ചെയ്യണമെന്നും ആദ്യം അവരെ പോസ്റ്റ് ചെയ്യുകയാണ് വേണ്ടതെന്നും സമിതി ചെയർമാൻ അഭിപ്രായപ്പെട്ടു.

അദ്ധ്യാപകരോട് സമ്മതം ചോദിച്ചതിനുശേഷമാണ് നിയമിക്കുന്നതെന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

അദ്ധ്യാപകരോട് സമ്മതം ചോദിക്കേണ്ട ആവശ്യമില്ലെന്നും ആയതിനാലാണ് 50% ഒഴിവ് വരുന്നത്. ഇത് അദ്ധ്യാപകർക്ക് ഓപ്ഷൻ കൊടുക്കുന്നതുകൊണ്ടുള്ള പ്രശ്നമാണെന്ന് ചെയർമാൻ അഭിപ്രായപ്പെട്ടു. കൂടാതെ ഇക്കാര്യം വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുമായി ചർച്ചചെയ്ത് പരിഹാരം കാണണമെന്നും എല്ലാ എം.ആർ.എസ്.-കളിലും സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടിയെടുക്കണമെന്നും സമിതി നിർദ്ദേശിച്ചു.

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള എം.ആർ.എസ്.-കളിൽ സയൻസ് ലാബും കമ്പ്യൂട്ടർ ലാബും ലാംഗ്വേജ് ലാബും ഉണ്ടോയെന്നും കുട്ടികളുടെ സുരക്ഷയ്ക്കുവേണ്ടി സി.സി.ടി.വി. സ്ഥാപിച്ചിട്ടുണ്ടോയെന്നും സമിതി അംഗം വകുപ്പിനോട് ആരായുകയും പട്ടികജാതി വികസന വകുപ്പിനും പട്ടികവർഗ്ഗ വികസന വകുപ്പിനും കീഴിലുള്ള എല്ലാ എം.ആർ.എസ്.-കളിലും സയൻസ് ലാബും ലാംഗ്വേജ് ലാബും സജ്ജമാക്കിയിട്ടുണ്ടെന്നും സി.സി.ടി.വി. സ്ഥാപിച്ചിട്ടുണ്ടെന്നും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

സ്കിൽ ഡെവലപ്മെന്റിന് വേണ്ടി എന്തെല്ലാം പ്രോഗ്രാം ചെയ്യുന്നുണ്ടെന്ന ചോദ്യത്തിന് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ ചില പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. കൂടാതെ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റും പ്രവർത്തിക്കുന്നുണ്ട്.

CREST (Centre for Research and Education for Social Transformation)-ന്റെ ചില ട്രെയിനിംഗ് പ്രോഗ്രാമുകളിൽ കുട്ടികളെ പങ്കെടുപ്പിക്കാറുണ്ട് എന്നും എല്ലാ ഹോസ്റ്റലുകളിലും കരിയർ ഡെവലപ്മെന്റിനുവേണ്ടി ഗൈഡൻസ് ക്യാമ്പയിൻ നടത്താറുണ്ടെന്നും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

കുട്ടികൾക്ക് കരിയർ ഗൈഡൻസ് നൽകുന്നുണ്ടോ എന്ന് ചെയർമാൻ വകുപ്പിനോടാരായുകയും ഈ വർഷം മുതൽ കരിയർ ഗൈഡൻസ് നൽകുന്നുണ്ടെന്നും എല്ലാ എം.ആർ.എസ്.-കളിലും കരിയർ ഗൈഡൻസ് സെൽ പ്രവർത്തിക്കുന്നുണ്ടെന്നും ഈ ഫീൽഡിലുള്ള എക്സ്പേർട്ടിനെക്കൊണ്ട് ക്ലാസ്സുകൾ നടത്താറുണ്ടെന്നും പട്ടികജാതി പട്ടികവർഗ്ഗ ഡയറക്ടർ സമിതിയെ അറിയിച്ചു.

1500 കുട്ടികൾക്ക് വിദേശത്ത് ജോലി നൽകുന്നതിനുള്ള ശ്രമങ്ങൾ നടക്കുകയാണ്. 100 പേരെ ഇപ്പോൾ ദുബായിലേക്ക് അയച്ചിട്ടുണ്ട്. കുട്ടികൾക്ക് ഇവിടെ പരിശീലനം നൽകിയശേഷം വിദേശത്ത് തൊഴിൽദാതാക്കളെ കണ്ടെത്തിയ ശേഷമാണ് അവരെ അയയ്ക്കുന്നത്. മെച്ചപ്പെട്ട തൊഴിൽ ഉറപ്പുവരുത്തുന്നതിനുള്ള കരിയർ ഗൈഡൻസ് നൽകുകയാണ് ലക്ഷ്യം. കരിയർ ഗൈഡൻസ് നൽകുന്ന ചില നല്ല സ്വകാര്യ ഏജൻസികളുണ്ട്. അതിൽ ചില ഏജൻസികൾ ഗൈഡൻസിനോടൊപ്പം ജോലിയും നൽകുന്നുണ്ട്. തന്റെ നിയോജകമണ്ഡലത്തിൽ ടൂൾ നിർമ്മാണവുമായി ബന്ധപ്പെട്ട ഒരു കമ്മ്യൂണിറ്റി കോളേജുണ്ട്. അഡ്മിഷൻ കൊടുക്കുമ്പോൾ തന്നെ അവർ കുട്ടികൾക്ക് പ്ലേസ്മെന്റും നൽകും. ചെയർമാൻ സമിതിയെ ഇക്കാര്യങ്ങൾ അറിയിച്ചു.

കുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനായി Nettur Technical Training Foundation (NTTF) -നുമായി വകുപ്പ് കരാർ വച്ചിട്ടുണ്ട്. NTTF-ന്റെ റഗുലർ ക്ലാസ്സുകളിൽ ഒരു വർഷം മുന്നൂറോളം കുട്ടികൾക്ക് അഡ്മിഷൻ നൽകുന്നുണ്ട്. അത്തരം ക്ലാസ്സുകൾ ബാംഗ്ലൂരും തലശ്ശേരിയിലും മലപ്പുറത്തുമുണ്ട്. പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

തിരുവനന്തപുരം മണ്ണന്തലയിൽ വകുപ്പിന്റെ കീഴിലുള്ള ഐ.എ.എസ്. കോച്ചിംഗ് സെന്റർ പ്രവർത്തിക്കുന്നുണ്ടെന്ന് ചെയർമാൻ സമിതിയെ അറിയിച്ചു.

സിവിൽ സർവ്വീസ് ട്രെയിനിംഗിൽ പങ്കെടുക്കുന്ന കുട്ടികളെ അവരുടെ പശ്ചാത്തലം വളരെയേറെ സ്വാധീനിക്കും. അവർ ഗവൺമെന്റിന്റെ മറ്റ് സിവിൽ സർവ്വീസ് കോച്ചിംഗ് സെന്ററുകളിലുള്ള കുട്ടികളുമായി യോജിച്ച് പഠിക്കുകയാണെങ്കിൽ കൂടുതൽ പ്രയോജനം ലഭിക്കുമെന്ന് സമിതിയംഗം അഭിപ്രായപ്പെട്ടു.

പുതിയ സമീപനം ആ രീതിയിൽ തന്നെയാണെന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

ആദ്യം 40 കുട്ടികളെയാണ് സിവിൽ സർവ്വീസ് ട്രെയിനിംഗിന് തെരഞ്ഞെടുത്തിരുന്നത്. ഇപ്പോൾ 300 കുട്ടികളെ തെരഞ്ഞെടുത്താണ് ട്രെയിനിംഗ് നൽകുന്നത്. മറ്റ് സർവ്വീസ് അക്കാദമികളിൽ കോച്ചിംഗ് നൽകുന്ന Calibre ഉള്ള അദ്ധ്യാപകരാണ് ക്ലാസ്സെടുക്കുന്നതെന്ന് ചെയർമാൻ സമിതിയെ അറിയിച്ചു.

2. <u>കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കൺസൾട്ടേഷൻ ബൈ കോർപ്പറേഷൻസ് ആന്റ് കമ്പനീസ് അമെന്റ്മെന്റ്) റൂൾസ് - 2018 കരട് ചട്ടം</u>

(ഫയൽ നമ്പർ 5009/സബ്.സി.ജി2/2018/നി.സെ.)

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കൺസൾട്ടേഷൻ ബൈ കോർപ്പറേഷൻസ് ആന്റ് കമ്പനീസ് അമെന്റ്മെന്റ് റൂൾസ് 2018) കരട് ചട്ടം സമിതി പരിഗണിക്കുകയും ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ചെയ്തു.

യോഗം വൈകുന്നേരം 3.30-ന് പിരിഞ്ഞു.

## 27-2-2019-ലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII, 2019 ഫെബ്രുവരി 27-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '3 എ' സമ്മേളനഹാളിൽ സമിതി ചെയർമാൻ പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലന്റെ അസാന്നിദ്ധ്യത്തിൽ, സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശുവികസനവും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എം. എൽ. എ.
2. ശ്രീ. അൻവർ സാദത്ത്, എം. എൽ. എ.
3. ശ്രീ. ഐ. സി. ബാലകൃഷ്ണൻ, എം. എൽ. എ.
4. ശ്രീ. സി. കെ. ശശീന്ദ്രൻ, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. മാത്യുക്കുട്ടി ജി., ജോയിന്റ് സെക്രട്ടറി
2. ശ്രീ. സഖറിയ പി. സാമുവൽ, ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീമതി സുമന എൻ. മേനോൻ, സെക്രട്ടറി, സൈനിക് വെൽഫെയർ, പ്രിന്റിംഗ് ആന്റ് സ്റ്റേഷനറി ഡിപ്പാർട്ട്മെന്റ്
2. ശ്രീ. എച്ച്. ഗോപകുമാർ, ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ്, തിരുവനന്തപുരം
3. ശ്രീ. എ. ഷിഹാസ്, അഡീഷണൽ സെക്രട്ടറി, ഫിനാൻസ് വകുപ്പ്
4. ശ്രീമതി ഓമന പി. ബി., അഡീഷണൽ സെക്രട്ടറി, ഫിനാൻസ് വകുപ്പ്
5. ശ്രീമതി കെ. എം. ലീലാമണി, അഡീഷണൽ സെക്രട്ടറി, ഫിനാൻസ് വകുപ്പ്
6. ശ്രീമതി ആർ. ഷീല റാണി, അഡീഷണൽ സെക്രട്ടറി, ആഭ്യന്തര വകുപ്പ്
7. ശ്രീ. എം. ജി. രഞ്ജിത്ത് കുമാർ, അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
8. ശ്രീമതി ഷീബാ ജോർജ്, ഡയറക്ടർ, വിമൺ ആന്റ് ചൈൽഡ് ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്
9. ശ്രീ. ജാഫർ മാലിക്, ഡയറക്ടർ, സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ട്മെന്റ്
10. ശ്രീ. എ. കിഷൻ, ഡയറക്ടർ (ഇൻ-ചാർജ്), സൈനിക് വെൽഫെയർ ഡിപ്പാർട്ട്മെന്റ്
11. ഡോ. ബി. മുഹമ്മദ് അഷീൽ, എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ
12. ഡോ. കെ. ജി. സതീഷ് കുമാർ, എക്സിക്യൂട്ടീവ് ഡയറക്ടർ (ഇൻ-ചാർജ്), നിഷ്
13. ശ്രീമതി ഗീതാ എൻ., ഡെപ്യൂട്ടി സെക്രട്ടറി, സ്റ്റേറ്റ് കമ്മീഷണറേറ്റ് ഫോർ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ്
14. ഡോ. കെ. അമ്പാടി, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് വെൽഫെയർ കോർപ്പറേഷൻ ഫോർ ഫോർവേഡ് കമ്മ്യൂണിറ്റീസ്
15. ശ്രീമതി ഉഷാ റാണി പി., സെക്രട്ടറി, കേരള വിമൺസ് കമ്മീഷൻ
16. ശ്രീ. എ. കെ. ഷാജി, സെക്രട്ടറി, കേരള സ്റ്റേറ്റ് സോഷ്യൽ വെൽഫെയർ ബോർഡ്
17. ശ്രീമതി സിന്ധു എസ്., മെമ്പർ സെക്രട്ടറി, ഓർഫനേജ് കൺട്രോൾ ബോർഡ്
18. ശ്രീമതി ഉഷ കെ. കെ., സൂപ്രണ്ട്, ശ്രീചിത്രാ ഹോം, തിരുവനന്തപുരം

19. ശ്രീ. രാധാകൃഷ്ണൻ നായർ ഡി., ഫിനാൻസ് ഓഫീസർ, കേരള സ്റ്റേറ്റ് കമ്മീഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ്

20. ശ്രീ. എൻ. ശ്രീകമാർ, ഫിനാൻസ് ഓഫീസർ, കേരള സ്റ്റേറ്റ് കമ്മീഷൻ ഫോർ ഇക്കണോമിക്കലി ബാക്ക്വേഡ് ക്ലാസ്സസ് എമംഗ് ഫോർവേഡ് കമ്മ്യൂണിറ്റീസ് (KSCEBCFC)

21. ശ്രീമതി മഞ്ജു എസ്. എസ്., ഫിനാൻസ് ഓഫീസർ, കേരളാ സ്റ്റേറ്റ് ഹാൻഡികാപ്ഡ് പേഴ്സണസ് വെൽഫെയർ കോർപ്പറേഷൻ ലിമിറ്റഡ്

സമിതി, 2019-20 സാമ്പത്തിക വർഷത്തെ സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ സൂക്ഷ്മ പരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

### സാമൂഹ്യനീതി വകപ്പ്

2235-02-101-69(01)—എം.എം.ആർ. വാക്സിനേഷൻ

ബഡ്ജറ്റ് വിഹിതം : 1.25 കോടി രൂപ (പ്ലാൻ)

1. സംസ്ഥാനത്തെ എല്ലാ ശിശുക്കൾക്കും സർക്കാർ ആശുപത്രികൾ മുഖേന എം.എം.ആർ. വാക്സിനേഷൻ നൽകന്നതിന് ശരാശരി 3.5 ലക്ഷം MMR വാക്സിനുകൾ ഒരു വർഷം ആവശ്യമായി വരുന്നു. എന്നാൽ ഒരു വാക്സിന് 128 രൂപ നിരക്കിൽ 3.5 ലക്ഷം വാക്സിന് 4.4 കോടി രൂപ ആവശ്യമാണ്. ഈ പദ്ധതിക്ക് അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 2.75 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2235-02-101-69 -(04)—യൂണിവേഴ്സൽ ഹിയറിംഗ് സ്ക്രീനിംഗ്

ബഡ്ജറ്റ് വിഹിതം : 2 കോടി രൂപ (പ്ലാൻ)

2. സർക്കാർ നടപ്പാക്കുന്ന 'വൈകല്യ' പരിപാടിയുമായി ബന്ധപ്പെട്ട് OAE-കൾ വാങ്ങുന്നതിനും സംരക്ഷിക്കുന്നതിനും, Mobile Instrument Unit ഉപകരണങ്ങൾ വാങ്ങുന്നതിനും, മറ്റ് ചെലവുകൾക്കും JPHN-മാരുടെ ഓണറേറിയത്തിൽ വന്ന വർദ്ധനവ് നൽകുന്നതിനും ബജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2235-60-200-72(02)—<u>ആശ്വാസകിരണം</u>

ബഡ്ജറ്റ് വിഹിതം : 41.6 കോടി രൂപ (പ്ലാൻ)

3. ഒരു മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമായവിധം കിടപ്പിലായ രോഗികളെയും മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവരെയും ഗുരുതര രോഗമുള്ളവരെയും പരിചരിക്കുന്നവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം. പ്രതിമാസം 600 രൂപ വീതം നിലവിൽ 1,20,301 ഗുണഭോക്താക്കൾക്കും 2019-20 വർഷം പുതുതായി പ്രതീക്ഷിക്കുന്ന 20,000 ഗുണഭോക്താക്കൾക്കും നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 59.4167 കോടി രൂപ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2235-60-200-72(06)—<u>സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ അന്തേവാസികളുടെ പരിചാരകർ</u>

ബഡ്ജറ്റ് വിഹിതം : 2.8 കോടി രൂപ (പ്ലാൻ)

4. ക്ഷേമ സ്ഥാപനങ്ങളിൽ നിയോഗിച്ചിട്ടുള്ള മൾട്ടിടാസ്ക് കെയർ പ്രൊവൈഡർ, സ്റ്റാഫ് നേഴ്സ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ എന്നിവരുടെ വേതനം വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. വർദ്ധിപ്പിച്ച വേതനം നൽകുന്നതിലേയ്ക്കായി ഈ ശീർഷകത്തിൽ 1.4236 കോടി രൂപ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2235-60-200-72 (07)—<u>വയോമിത്രം</u>

ബഡ്ജറ്റ് വിഹിതം : 24 കോടി രൂപ (പ്ലാൻ)

5. വയോജനങ്ങൾക്ക് മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ ചികിത്സ, സൗജന്യ മരുന്ന്, കൗൺസിലിംഗ് എന്നിവ നൽകി ആരോഗ്യസുരക്ഷ ഉറപ്പാക്കുന്ന സാമൂഹ്യസുരക്ഷാ മിഷൻ നടപ്പാക്കുന്ന പദ്ധതിയാണിത്. 14 ജില്ലകളിലും ഓരോ ബ്ലോക്കിൽ വീതം (14 ബ്ലോക്ക്) വയോമിത്രം പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിക്കുന്നതിനായി 21.6340 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2235-60-200-72 (08)—<u>വിശപ്പുമുക്ത നഗരം</u>

ബഡ്ജറ്റ് വിഹിതം : 1.8 കോടി രൂപ (പ്ലാൻ)

6. പ്രമുഖ ആശുപത്രികളിൽ രോഗികളുടെകൂടെ നിൽക്കുന്നവർക്കായി ഒരു നേരത്തെ സൗജന്യ ഭക്ഷണം നൽകാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. നിലവിൽ രാത്രികാലങ്ങളിൽ ഭക്ഷണം നൽകുന്നില്ല. 2019-20 വർഷത്തിൽ രാത്രി കാലങ്ങളിൽ ഭക്ഷണം നൽകുന്നതിലേക്ക് 50 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിലേക്ക് 50 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

4235-02-101-99—<u>ബാരിയർ ഫ്രീ കേരള സ്കീം</u>

ബഡ്ജറ്റ് വിഹിതം : 12.8 കോടി രൂപ (പ്ലാൻ)

7. ബാരിയർ ഫ്രീ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 3 ജില്ലകളിലെ (കണ്ണൂർ, മലപ്പുറം, വയനാട്) സർക്കാർ ഓഫീസുകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2005-ലെ WP(C)243-ന് മേൽ ബഹു. സുപ്രീം കോടതിയുടെ 15-12-2017 തീയതിയിലെ വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള G.O.(Rt) No. 54/2019/SJD, തീയതി 30-1-2019 പ്രകാരം അടുത്ത 3 വർഷം കൊണ്ട് സംസ്ഥാനത്തെ മറ്റ് ജില്ലകളിലെ ജില്ലാ ആസ്ഥാനങ്ങളിലുള്ള എല്ലാ പൊതു കെട്ടിടങ്ങളും ഭിന്നശേഷി സൗഹൃദമാക്കുന്നതിന് നിർദ്ദേശമുണ്ട്. ഈ സാഹചര്യത്തിൽ ഘട്ടം ഘട്ടമായി 3 വർഷം കൊണ്ട് എല്ലാ ജില്ലകളിലേയും പൊതു കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി പ്രാരംഭഘട്ടത്തിൽ (2019-2020) 11 ജില്ലകൾക്ക് 150 ലക്ഷം രൂപ ക്രമത്തിൽ ആകെ 1650 ലക്ഷം രൂപ നൽകേണ്ടതായിട്ടുണ്ട്. ആയതിനാൽ 3.70 കോടി രൂപ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

കഴിഞ്ഞ പ്രാവശ്യം പദ്ധതി വിഹിതത്തിൽ 20% ബാരിയർ ഫ്രീ കേരള സ്കീം പോലെയുള്ള പദ്ധതികളിൽ നിന്നാണ് വെട്ടിച്ചുരുക്കൽ നടത്തിയതെന്ന കാര്യം ബഡ്ജറ്റുമായി ബന്ധപ്പെട്ട് യോഗത്തിൽ ഹാജരായ ഉദ്യോഗസ്ഥർ പ്രത്യേകം നോട്ട് ചെയ്യണമെന്നും, ധനകാര്യ വകുപ്പുമന്ത്രിയുമായി സംസാരിച്ച് വെട്ടിച്ചുരുക്കൽ ഒഴിവാക്കണമെന്നും, കോർട്ട് അലക്ഷ്യം വരുന്നതുകൊണ്ട് ഇക്കാര്യം ധനകാര്യ വകുപ്പിന്റെ നോട്ടിലും കൂടി ഉൾപ്പെടുത്തണമെന്നും സമിതി ചെയർപേഴ്സൺ നിർദ്ദേശിച്ചു.

2235-02-104-89 -31—<u>അനാഥാലയ നിയന്ത്രണ ബോർഡ് -സഹായധനം-ശമ്പളം</u>

ബഡ്ജറ്റ് വിഹിതം : 33.72 ലക്ഷം രൂപ (നോൺ പ്ലാൻ)

8. ബോർഡ് മെമ്പർ, സെക്രട്ടറി ഉൾപ്പെടെയുള്ള ജീവനക്കാരുടെ ശമ്പളവും മറ്റ് വേതനവും നൽകുന്നതിനായി, 94.84 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2235-02-101-89—<u>വികലാംഗർക്കുവേണ്ടി ഭവനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം</u>

ബഡ്ജറ്റ് വിഹിതം : 1.1216 കോടി രൂപ (നോൺ പ്ലാൻ)

9. ശാരീരിക വൈകല്യമുള്ളവരെ സംരക്ഷിക്കുന്ന സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് പ്രതിമാസ ഗ്രാന്റ് 1,000 രൂപയിൽ നിന്ന് 1,100 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച നിരക്കിൽ ഗ്രാന്റ് നൽകുന്നതിനും മുൻവർഷത്തെ കുടിശ്ശിക നൽകുന്നതിനും നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ 32.548 ലക്ഷം രൂപ അധികമായി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2235-02-104-98-36—<u>അനാഥശാലകൾ സഹായധനം - ശമ്പളേതരം</u>

ബഡ്ജറ്റ് വിഹിതം : 34.3872 കോടി രൂപ (നോൺ പ്ലാൻ)

10. അനാഥാലയങ്ങളിലെ അന്തേവാസികൾക്കുള്ള പ്രതിമാസ ഗ്രാന്റ് 1,000 രൂപയിൽ നിന്നും 1,100 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2018-19 ഒക്ടോബർ മുതൽ മാർച്ച് വരെയുള്ള കാലയളവിലെ വർദ്ധിപ്പിച്ച ഗ്രാന്റ് 23552 കുട്ടികൾക്കായി 2019-20 വർഷത്തിൽ നൽകുമ്പോൾ അധികം വേണ്ടിവരുന്ന തുക 1.41312 കോടി രൂപയായി കണക്കാക്കുന്നു. നിലവിലുള്ള ബഡ്ജറ്റിലെ വിഹിതം അപര്യാപ്തമായതിനാൽ ധനപുനർ വിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ 1.41312 കോടി രൂപ അധികമായി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2235-02-104-97—<u>യാചക കേന്ദ്രങ്ങൾ</u>

ബഡ്ജറ്റ് വിഹിതം : 66.24 ലക്ഷം രൂപ (നോൺ പ്ലാൻ)

11. അന്തേവാസികൾക്കുള്ള പ്രതിമാസ ഗ്രാന്റ് 1,000 രൂപയിൽ നിന്നും 1,100 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2018-19 ഒക്ടോബർ മുതൽ മാർച്ച് വരെയുള്ള കാലയളവിലെ വർദ്ധിപ്പിച്ച ഗ്രാന്റ് 552 യാചകർക്കായി 2019-20 വർഷത്തിൽ നൽകുമ്പോൾ

3.312 ലക്ഷം രൂപ അധികമായി നൽകണം. കൂടാതെ കുടിശ്ശികയും നൽകേണ്ടതുള്ളതായി സമിതി മനസ്സിലാക്കുന്നു. ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 33.432 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2235-02-107-98-36—<u>സന്നദ്ധസാമൂഹ്യക്ഷേമ സംഘടനകൾ-സഹായധനം-ശമ്പളേതരം</u>

ബഡ്ജറ്റ് വിഹിതം : 11.5932 കോടി രൂപ (നോൺ പ്ലാൻ)

12. വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്കുള്ള പ്രതിമാസ ഗ്രാന്റ് 1,000 രൂപയിൽ നിന്നും 1,100 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2018-19 ഒക്ടോബർ മുതൽ മാർച്ച് വരെയുള്ള കാലയളവിലെ വർദ്ധിപ്പിച്ച ഗ്രാന്റ് 9661 വയോജനങ്ങൾക്കായി 2019-20 വർഷത്തിൽ നൽകുമ്പോൾ 57.966 ലക്ഷം രൂപ അധികമായി ആവശ്യമുണ്ട്. കൂടാതെ കുടിശ്ശികയും നൽകേണ്ടതുണ്ട്. നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.17116 കോടി രൂപ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2235-02-800-98—<u>മിശ്രവിവാഹങ്ങൾ</u>

ബഡ്ജറ്റ് വിഹിതം : 1.456 കോടി രൂപ (നോൺ പ്ലാൻ)

13. 31-1-2019 വരെ മിശ്രവിവാഹ ധനസഹായം 2443 പേർക്ക് കുടിശ്ശികയായി നൽകാനുണ്ട്. ഒരാൾക്ക് 30,000 രൂപ എന്ന ക്രമത്തിലാണ് നൽകുന്നത്. ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഇതിലേക്കായി 7.3290 കോടി രൂപ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2235 -02-101-85—<u>ബധിരർക്കും മൂകർക്കും വേണ്ടിയുള്ള ഇൻസ്റ്റിറ്റ്യൂട്ട്</u>

ബഡ്ജറ്റ് വിഹിതം : 13.32 കോടി രൂപ (പ്ലാൻ)

14. നിഷിന്റെ വികസനത്തിന് അനിവാര്യമായ, അക്കാഡമിക്/ക്ലിനിക്കൽ ബ്ലോക്കിന് ആവശ്യമായ 80 കോടി രൂപയുടെ ആദ്യവിഹിതമായി ഏഴ് കോടി രൂപ ആവശ്യമാണ്. ആയതിനാൽ ഈ ശീർഷകത്തിലേക്ക് 7 കോടി രൂപ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

നിഷിനെ ഒരു സെൻട്രൽ യൂണിവേഴ്സിറ്റിയാക്കി മാറ്റുന്നതിന് പൂർണ്ണ സമ്മതമാണെന്ന് കേന്ദ്ര സർക്കാരിനെ അറിയിച്ചതായും, കേന്ദ്ര സർക്കാർ ഈ കാര്യം

പരിഗണിക്കാത്തതിനാലാണ് നിഷിനെ സെന്റർ ഓഫ് എക്സലൻസാക്കാൻ തീരുമാനിച്ച തെന്നും സമിതി ചെയർപേഴ്സൺ അറിയിച്ചു. നിഷ് മറ്റ് യൂണിവേഴ്സിറ്റികളിൽ നിന്നും വ്യത്യസ്ഥമാണെന്നും, നിഷിനെ ഡിഫറന്റിലി ഏബിൾഡിനായുള്ള ഒരു യൂണിവേഴ്സിറ്റി യാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ഏകദേശ തീരുമാനത്തിലെത്തി യതായും, ഈ വർഷം വകയിരുത്തിയിരിക്കുന്നത് പ്രാഥമിക പ്രവർത്തനങ്ങൾക്കുള്ള തുകയാണെന്നും, മറ്റ് ധനാഗമന മാർഗ്ഗങ്ങൾ നോക്കേണ്ടതുണ്ടെന്നും ചെയർപേഴ്സൺ അറിയിച്ചു.

2235-02-190-98—കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ

ബഡ്ജറ്റ് വിഹിതം : 10.37 കോടി രൂപ (പ്ലാൻ)
30 ലക്ഷം രൂപ (നോൺ പ്ലാൻ)

15. കോർപ്പറേഷന്റെ ഭരണ ചെലവുകൾക്കായി പ്രതിവർഷം ഏകദേശം 150 ലക്ഷം രൂപ ആവശ്യമായതിനാൽ 70 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ ഈ ശീർഷകത്തിലെ നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

## വനിതാ ശിശുവികസന വകുപ്പ്

2235-02-001-89—വനിതാ ശിശുവികസന വകുപ്പിന് കീഴിലുള്ള സാമൂഹ്യനീതി വകുപ്പ് ഓഫീസുകൾ, സ്ഥാപനങ്ങൾ, തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങൾ എന്നിവയുടെ നിലവാരം മെച്ചപ്പെടുത്തൽ

ബഡ്ജറ്റ് വിഹിതം : 3 കോടി രൂപ (പ്ലാൻ)

16. പുതുതായി രൂപീകരിച്ചിട്ടുള്ള ജില്ലാതല വനിതാ ശിശുവികസന ഓഫീസുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി അധിക തുക ആവശ്യമായതിനാൽ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2235-02-001-88—ഡിപ്പാർട്ട്മെന്റൽ ആഫീസർമാർക്കുള്ള ഇൻ സർവ്വീസ് ട്രെയിനിംഗ്

ബഡ്ജറ്റ് വിഹിതം : 70 ലക്ഷം രൂപ (പ്ലാൻ)

17. മൊഡ്യൂൾ പ്രിപ്പറേഷൻ, അപ്പെക്സ് പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കൽ എന്നിവയ്ക്കുവേണ്ടി അധിക തുക ആവശ്യമായതിനാൽ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2235-02-102-44—ഐ.സി.ഡി.എസ്. പരിശീലന പരിപാടി (60% CSS)

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പ്ലാൻ)

18. കേന്ദ്രാവിഷ്കൃത പദ്ധതിയായ അംഗൻവാടി ട്രെയിനിംഗ് പ്രോഗ്രാമിനായി 2016-17 മുതൽ കേന്ദ്രവിഹിതം അനുവദിച്ചിട്ടില്ലാത്തതിനാൽ അംഗൻവാടി പ്രവർത്തകർക്ക് അനിവാര്യമായ ഈ ട്രെയിനിംഗ് പ്രോഗ്രാമിനായി സംസ്ഥാന വിഹിതത്തിൽ നിന്നും ചെലവഴിക്കാനായി അനുമതി നൽകിയിട്ടുള്ള സാഹചര്യത്തിൽ 2019-20 സാമ്പത്തിക വർഷം ട്രെയിനിംഗ് നടത്തുന്നതിനായി ഈ ശീർഷകത്തിൽ 6.5 കോടി രൂപ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2235-60-200-72 (01)—കേരള സാമൂഹ്യ സുരക്ഷാ പദ്ധതി-ക്യാൻസർ ബാധിതരായ കുട്ടികൾക്കുവേണ്ടിയുള്ള സുരക്ഷാ പദ്ധതി

ബഡ്ജറ്റ് വിഹിതം : 3.8 കോടി രൂപ (പ്ലാൻ)

19. 18 വയസ്സുവരെയുള്ള ക്യാൻസർ രോഗികളായ കുട്ടികളുടെ ജീവൻ സംരക്ഷിക്കുന്നതിന് പൂർണ്ണമായും സൗജന്യ ചികിത്സ അനുവദിച്ച് നടപ്പാക്കി വരുന്ന ക്യാൻസർ സുരക്ഷാ പദ്ധതി പ്രകാരം, പുതുതായി 600 മുതൽ 700 വരെയുള്ള ഗുണഭോക്താക്കൾക്ക് സൗജന്യ ചികിത്സ നൽകിവരുന്നതായും മുൻ വർഷങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 5000 കുട്ടികൾക്ക് തുടർ ചികിത്സ ലഭ്യമാക്കേണ്ടതാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, നിലവിൽ അനുവദിച്ചിരിക്കുന്ന 3.8 കോടി രൂപ അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2235-60-200-72(03)—കേരള സാമൂഹ്യ സുരക്ഷാ പദ്ധതി—അവിവാഹിതരായ അമ്മമാരുടെയും അവരുടെ കുട്ടികളുടെയും പുനരധിവാസം (സ്നേഹസ്പർശം)

ബഡ്ജറ്റ് വിഹിതം : 2.50 കോടി രൂപ (പ്ലാൻ)

20. അവിവാഹിതരായ അമ്മമാരേയും അവരുടെ കുട്ടികളേയും പുനരധിവസിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സ്നേഹസ്പർശം എന്ന പദ്ധതിയുടെ ധനസഹായം പ്രതിമാസം 1,000 രൂപയിൽ നിന്ന് 2,000 രൂപയാക്കി ഉയർത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ നിലവിലെ 2024 ഉപഭോക്താക്കൾക്കും പുതിയതായി പ്രതീക്ഷിക്കുന്ന 1200 ഗുണഭോക്താക്കൾക്കും നൽകുന്നതിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5.2376 കോടി രൂപ അധികമായി

ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2235-60-200-72(05)—കേരള സാമൂഹ്യസുരക്ഷാ പദ്ധതി - താലോലം

ബഡ്ജറ്റ് വിഹിതം : 2 കോടി രൂപ (പ്ലാൻ)

21. ജൻമനായുള്ള ഹൃദയ വൈകല്യങ്ങളാലും ജനിതക രോഗങ്ങളാലും മറ്റ് ഗുരുതര രോഗങ്ങളാലും കഷ്ടപ്പെടുന്ന 18 വയസ്സുവരെയുള്ള കുട്ടികൾക്ക് പൂർണ്ണമായും സൗജന്യ ചികിത്സ അനുവദിക്കുന്ന താലോലം പദ്ധതി, ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP (C)21897/2016 and 4-10-2018 WP(C)28250/17-ലെ വിധിന്യായം പ്രകാരം 50 ലക്ഷം രൂപയുടെ കോർപ്പസ് ഫണ്ട് രൂപീകരിക്കുന്നതിന് KSSM എക്സി.ഡയറക്ടറെ G.O.(Rt)3001/18/H&FWD dated 29-9-2018 പ്രകാരം ചുമതലപ്പെടുത്തി ഉത്തരവ് നൽകിയിട്ടുണ്ട്. അപൂർവ്വ രോഗമായ Pompe ബാധിച്ച കുട്ടികളുടെ ചികിത്സയ്ക്കായി 10 കോടി രൂപ ആവശ്യമുണ്ട്. 25 അപേക്ഷകൾ 3rd respondent ആയി KSSM-ൽ ലഭിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഒരു കുട്ടിയുടെ ചികിത്സയ്ക്ക് ഒരു വർഷം 50 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന ആയതിനാൽ, 10 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

4235-02-102-86—പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ച അംഗൻവാടികളുടെ പുനരുദ്ധാരണം

ബഡ്ജറ്റ് വിഹിതം : 2 കോടി രൂപ (പ്ലാൻ)

22. പ്രളയത്തിൽ 114 അംഗൻവാടികൾ പൂർണ്ണമായി നശിച്ചു പോയിട്ടുണ്ട്. ഒരു അംഗൻവാടിക്ക് 25 ലക്ഷം രൂപ ക്രമത്തിൽ ആകെ 2850 ലക്ഷം രൂപ ആവശ്യമായിട്ടുണ്ട്. നിലവിലെ തുക അപര്യാപ്തമായതിനാൽ 26.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2235-02-001-90—വനിതാ ശിശുവികസന ഡയറക്ടറാഫീസ്

ബഡ്ജറ്റ് വിഹിതം : 96.09 ലക്ഷം രൂപ (നോൺ പ്ലാൻ)

23. വനിതാ ശിശുവികസന വകുപ്പിനുകീഴിൽ ജില്ലാ തലത്തിൽ ഓഫീസ് സംവിധാനം നിലവിൽ വന്നിട്ടുള്ളതിനാൽ ഈ ഓഫീസുകളിൽ 14 ജില്ലകളിലുമായി 14 ജില്ലാ ഓഫീസർമാർ, 70 ക്ലാർക്ക്, 14 ഡ്രൈവർ എന്നിവർക്കുള്ള ശമ്പള ചെലവുകൾക്കായി അധിക തുക ആവശ്യമാണ്. ആയതിനാൽ, ഈ ശീർഷകത്തിൽ 3.9703 കോടി

രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2235-02-102-55-01-5—അംഗൻവാടി തൊഴിലാളികളുടെയും സഹായികളുടെയും പ്രതിഫലം- ശമ്പളം- മറ്റ് അലവൻസുകൾ

ബഡ്ജറ്റ് വിഹിതം : 358.3255 കോടി രൂപ (നോൺ പ്ലാൻ)

24. അംഗൻവാടികളിലെ വർക്കർ, ഹെൽപ്പർ, മിനി അംഗൻവാടികളിലെ വർക്കർ എന്നിവർക്ക് യഥാക്രമം 4800, 4050, 4800 ക്രമത്തിൽ ഓണറേറിയം നൽകുന്നതിനും ഓണം ഫെസ്റ്റിവൽ അലവൻസ് നൽകുന്നതിനും 66.09 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2235-02-103-77—വിധവകളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 40 ലക്ഷം രൂപ (നോൺ പ്ലാൻ)

25. വിധവകളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള ധനസഹായം നൽകുന്നതിന് 2018-19 വർഷം 40 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള ഭരണാനുമതി നൽകിയതു പ്രകാരം അപേക്ഷകൾ സ്വീകരിച്ചു വരുന്നതായി സമിതി മനസ്സിലാക്കുന്നു എന്നാൽ അപേക്ഷകരുടെ എണ്ണം കൂടുതൽ ഉള്ളതിനാൽ എല്ലാ അപേക്ഷകർക്കും ധനസഹായം അനുവദിക്കുന്നതിനായി നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിന് പുറമേ 2019-20 സാമ്പത്തിക വർഷം ഒരു ജില്ലയ്ക്ക് 10 ലക്ഷം രൂപ ക്രമത്തിൽ ആകെ 1.40 കോടി രൂപ ആവശ്യമുള്ളതിനാൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിന് പുറമേ 1 കോടി രൂപ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2235-02-103-64—അന്വേഷി വനിതാ കൗൺസിലിംഗ് സെന്റർ

ബഡ്ജറ്റ് വിഹിതം : 10 ലക്ഷം രൂപ (നോൺ പ്ലാൻ)

26. അന്വേഷി വനിതാ കൗൺസിലിംഗ് സെന്ററിന് മുൻ സാമ്പത്തിക വർഷത്തേക്കാൾ ബജറ്റ് വിഹിതം വളരെ കുറവായതിനാൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന് 2019-20 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്കായി 28.43 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2235-02-102-53—<u>ചൈൽഡ് റൈറ്റ്സ് കമ്മീഷൻ</u>

ബഡ്ജറ്റ് വിഹിതം : 1.5 കോടി രൂപ (പ്ലാൻ)

3.1923 കോടി രൂപ (നോൺ പ്ലാൻ)

27. ചൈൽഡ് റൈറ്റ്സ് കമ്മീഷന്റെ പ്ലാൻ ശീർഷകത്തിലെ പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ വ്യാപകമായും ഫലപ്രദമായും നടപ്പിലാക്കുന്നതിന് നിലവിലെ തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ പ്ലാൻ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2235-02-103-99-10—<u>സാമൂഹ്യക്ഷേമ ബോർഡ്—അംശദാനം —സംഭാവന</u>

ബഡ്ജറ്റ് വിഹിതം : 96.20 ലക്ഷം രൂപ (നോൺ പ്ലാൻ)

28. 2019-20 വർഷത്തേയ്ക്ക് ബോർഡിന്റെ ഭരണ ചെലവുകൾക്കും ചെയർപേഴ്സന്റെ ഓണറേറിയത്തിനുമായി ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാന വിഹിതമായി 12.228 കോടി രൂപ ആവശ്യമായി വരും. ഇതിനുപുറമേ 2014-15, 2015-16, 2017-18 എന്നീ വർഷങ്ങളിൽ ബോർഡ് ചെയർപേഴ്സന്റെ ഓണറേറിയം നൽകിയ വകയിൽ ചെലവായ 6.24 ലക്ഷം രൂപ കടിശ്ശിക ഇനത്തിൽ സർക്കാരിൽനിന്നും ബോർഡിന് ലഭിക്കാനുണ്ട്. 2019-20 വർഷത്തിൽ സർക്കാർ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച തുക അപര്യാപ്തമായതിനാൽ 32.32 ലക്ഷം രൂപ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2235-02-103-95-34-3—<u>സ്റ്റാറ്റ്യൂട്ടറി വിമൻസ് കമ്മീഷൻ-മറ്റ് ചെലവുകൾ - മറ്റിനം</u>

ബഡ്ജറ്റ് വിഹിതം : 3.2611 കോടി രൂപ

29. കേരള വനിതാ കമ്മീഷൻ ഓഫീസ്, തമ്പാനൂർ KTDFC ടെർമിനലിൽ മാറ്റി സ്ഥാപിക്കുവാൻ ക്വട്ടേഷൻ/ടെന്റർ നടപടികൾ 2018-19 സാമ്പത്തിക വർഷം പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ 2018-19-ൽ 1.1 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2235-02-104-99-31—<u>ശ്രീ ചിത്രാ ഹോം സഹായധനം—ശമ്പളം</u>

ബഡ്ജറ്റ് വിഹിതം: 48.60 ലക്ഷം രൂപ (നോൺ പ്ലാൻ)

2235-02-104-99-35—ശ്രീ ചിത്രാ ഹോം സഹായധനം—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായ ധനം

ബഡ്ജറ്റ് വിഹിതം : 1000 രൂപ (നോൺ പ്ലാൻ)

30. ശ്രീചിത്രാ ഹോം ജീവനക്കാർക്ക് 2019-20-ലെ ശമ്പള പരിഷ്കരണം നൽകുന്നതിന് ശമ്പള ഇനത്തിൽ 80 ലക്ഷം രൂപ ആവശ്യമാണ്. ആയതിനാൽ നിലവിൽ ബഡ്ജറ്റിൽ അനുവദിച്ച തുകയ്ക്ക് പുറമേ 31.4 ലക്ഷം രൂപ ശമ്പള ഇനത്തിലും കുട്ടികളുടെ താമസത്തിനുള്ള ബഹുനില കെട്ടിടത്തിന്റെ പ്രോജക്ടിനും കുമാരപുരത്ത് നിർമ്മിക്കുന്ന രോഗി സൗഹൃദ ബഹുനില കെട്ടിടത്തിനും ആയി പൊതുമരാമത്ത് വകുപ്പിന് നൽകേണ്ട മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം എന്ന ഇനത്തിലും 60 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഇതിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ ചെയർപേഴ്സൺ നിർദ്ദേശിച്ചു.

2235-60-200-72(25)—കേരള സാമൂഹ്യ സുരക്ഷാ പദ്ധതി—സമാശ്വാസം

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (നോൺ പ്ലാൻ)

31. സമാശ്വാസം പദ്ധതിയിൽ നിലവിലുള്ള 9883 ഗുണഭോക്താക്കൾക്കുപുറമേ 2019-20 വർഷം പ്രതീക്ഷിക്കുന്ന 3350 ഗുണഭോക്താക്കൾക്കുകൂടി പദ്ധതിയുടെ ആനുകൂല്യം നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 17.3697 കോടി രൂപ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

മാറ്റി വയ്ക്കാൻ നിർവ്വാഹമില്ലാത്ത പദ്ധതികളാണ് ഇതിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും, ഡയാലിസിസ് രോഗികളുടെ അപേക്ഷകൾ വളരെയധികം വർദ്ധിച്ചതായും, ഈ പദ്ധതി നോൺ-പ്ലാനിൽ നിന്നും പ്ലാനിലേക്ക് മാറ്റണമെന്നും കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ, എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചതിനെത്തുടർന്ന്, ഹീമോഫീലിയ രോഗികൾക്കും സിക്കിൾ സെൽ അനീമിയ രോഗികൾക്കും വേണ്ടി 5 കോടി രൂപ മറ്റൊരു ഹെഡ്ഡിൽ വകയിരുത്തിയിട്ടുണ്ടെന്ന് ഫിനാൻസ് വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. സമാശ്വാസം പദ്ധതിക്ക് പണം വകയിരുത്തിയിരിക്കുന്നത് നോൺ പ്ലാൻ ഫണ്ടിലാണെന്നും, ഈ പദ്ധതിക്ക് പുതിയൊരു ഹെഡ് ഓഫ് അക്കൗണ്ട് ആവശ്യമുണ്ടെന്നും, ഇതിനായി പ്ലാനിംഗ് ഡിപ്പാർട്ട്മെന്റിനോട് ആവശ്യപ്പെടണം എന്ന് അറിയിച്ചിരുന്നതായും അഡീഷണൽ സെക്രട്ടറി അറിയിച്ചു.

5 കോടി രൂപ വകയിരുത്തിയിരിക്കുന്നത് ബ്ലഡ് ഡോണേഴ്സ് അടക്കമുള്ള ഡിസെബിലിറ്റീസിന് വേണ്ടിയുള്ള മറ്റൊരു പദ്ധതി രൂപീകരിക്കാനാണെന്നും, സമാശ്വാസം പദ്ധതിയുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ പ്ലാനിംഗ് ബോർഡ് അനുവദിച്ചില്ലെന്ന് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ, എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചതിനെത്തുടർന്ന് ഈ പദ്ധതിക്കുള്ള വിഹിതം പ്ലാൻ ഹെഡ്ഡിൽ വയ്ക്കുന്നതിന് ശിപാർശ ചെയ്യാൻ ചെയർപേഴ്സൺ നിർദ്ദേശിച്ചു.

**ആഭ്യന്തര വകുപ്പ്**

2235-02-106-98-34-3—<u>ദുർഗുണ പരിഹാര പാഠശാല—മറ്റ് ചെലവുകൾ—മറ്റിനം</u>

ബഡ്ജറ്റ് വിഹിതം : 4.72 ലക്ഷം രൂപ (നോൺ പ്ലാൻ)

32. ദുർഗുണ പരിഹാര പാഠശാലയിലെ അന്തേവാസികളുടെ എണ്ണത്തിലുള്ള വർദ്ധനവും അവർക്കുള്ള മരുന്ന്, ചികിത്സാ ചെലവ് എന്നീ ഇനങ്ങളിൽ ഉണ്ടായ വില വർദ്ധനവ് കണക്കിലെടുത്തും ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2235-02-800-81-31—<u>മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ—സഹായധനം-ശമ്പളം</u>

ബഡ്ജറ്റ് വിഹിതം : 56.70 ലക്ഷം രൂപ (നോൺ പ്ലാൻ)

33. മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായ പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷനിലെ അംഗത്തിനുള്ള ശമ്പള കുടിശ്ശിക, കമ്മീഷനിലെ മുഴുവൻ ജീവനക്കാരും നിയമിതരാകുന്ന വേളയിൽ ശമ്പളം, മറ്റലവൻസുകൾ തുടങ്ങിയവയ്ക്കായും നിലവിലുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.6415 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

**പൊതുഭരണ വകുപ്പ്**

2235-02-190-97-31—<u>കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷനുള്ള ധനസഹായം—സഹായധനം—ശമ്പളം</u>

ബഡ്ജറ്റ് വിഹിതം : 51.03 ലക്ഷം രൂപ (നോൺ പ്ലാൻ)

34. കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷൻ ചെയർമാന്റെ പേഴ്സണൽ സ്റ്റാഫിലുള്ളവർക്ക് ശമ്പളത്തിനായി തുക ബഡ്ജറ്റിൽ അനുവദിച്ചിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥന വഴിയോ 40 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2235-02-190-97-34—കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷനുള്ള ധനസഹായം —മറ്റ് ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 37 കോടി രൂപ (പ്ലാൻ)

35. 2019-20-ലെ ബജറ്റ് പ്രസംഗത്തിൽ 'സമുന്നതി മംഗല്യ സഹായനിധി' എന്ന പേരിൽ പുതിയ പദ്ധതി പ്രഖ്യാപിച്ചിരുന്നു. എന്നാൽ പദ്ധതി നടത്തിപ്പിലേക്ക് ബജറ്റിൽ തുക വകയിരുത്തിയിരുന്നില്ല. പ്രസ്തുത പദ്ധതി 2019-20 സാമ്പത്തിക വർഷം തന്നെ നടപ്പിലാക്കുന്നതിനായി 1 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2235-60-200-88—സൈനിക ക്ഷേമ ഡയറക്ടറേറ്റ്

ബഡ്ജറ്റ് വിഹിതം : 1.7292 കോടി രൂപ (നോൺ പ്ലാൻ)

36. സൈനിക ക്ഷേമ ഡയറക്ടറേറ്റിൽ ഇ-ഓഫീസ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പുതിയതായി കമ്പ്യൂട്ടറും അനുബന്ധ സാധനങ്ങളും വാങ്ങുന്നതിനുള്ള ചെലവിലേക്കായി ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2235-60-200-87—ജില്ലാ സൈനികക്ഷേമ ഓഫീസുകൾ

ബഡ്ജറ്റ് വിഹിതം : 6.8887 കോടി രൂപ (നോൺ പ്ലാൻ)

37. ജില്ലാ സൈനിക ക്ഷേമ ഓഫീസുകളിൽ ഇ-ഓഫീസ് നടപ്പിലാക്കുന്നതിനും പുതിയതായി കമ്പ്യൂട്ടറും അനുബന്ധ സാധനങ്ങളും വാങ്ങുന്നതിനും K-swan connectivity-ക്കുവേണ്ടിയും ഈ ശീർഷകത്തിൽ 55 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2235-60-200-82—<u>അവശതയനുഭവിക്കുന്ന രണ്ടാം ലോക മഹായുദ്ധ യോദ്ധാക്കൾക്ക് ധനസഹായം</u>

ബഡ്ജറ്റ് വിഹിതം : 6.2886 കോടി രൂപ (നോൺ പ്ലാൻ)

38. 31-8-2017-ലെ സ.ഉ.(എം.എസ്.) നമ്പർ 289/17/പൊ.ഭ.വ. പ്രകാരം രണ്ടാം ലോകമഹായുദ്ധ സേനാനികൾക്കും അവരുടെ വിധവകൾക്കും നൽകിവരുന്ന സാമ്പത്തിക സഹായം യഥാക്രമം 4000 രൂപയിൽ നിന്നും 6000 രൂപയായും 2500 രൂപയിൽ നിന്നും 6000 രൂപയായും വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവായിരുന്നു. നിലവിൽ ജീവിച്ചിരിക്കുന്ന 192 രണ്ടാം ലോക മഹായുദ്ധ സേനാനികൾക്കും 1612 വിധവകൾക്കും 2020 മാർച്ച് മാസം വരെയുള്ള ധനസഹായം വിതരണം ചെയ്യുന്നതിനായി ആകെ 12.988 കോടി രൂപ ഈ സാമ്പത്തിക വർഷം ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ 2019-20 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 6.2886 കോടി രൂപയ്ക്ക് പുറമേ ഈ ശീർഷകത്തിൽ 6.7002 കോടി രൂപ കൂടി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2235-60-200-71—<u>ജവാൻമാർക്ക് വേണ്ടിയുള്ള ക്രിസ്തുമസ് ന്യൂ ഇയർ ബമ്പർ ലോട്ടറിയുടെ അറ്റാദായം—ഫ്ലാഗ് ഡേ ഫണ്ട് അക്കൗണ്ടിലേക്കുള്ള റിലീസ്</u>

ബഡ്ജറ്റ് വിഹിതം : ഇല്ല.

39. 4-1-2013-ൽ നറുക്കെടുപ്പ് നടന്ന ജയ് ജവാൻ ലോട്ടറിയുടെ നെറ്റ് പ്രോഫിറ്റ് തുക 12 കോടി 97 ലക്ഷം രൂപ ആകുന്നു. ഇതിൽ നിന്നും സൈനികക്ഷേമ വകുപ്പിന് 3 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഇനിയും ഈ വകയിൽ ആംഡ് ഫോഴ്സസ് ഫ്ലാഗ് ഡേ ഫണ്ടിലേക്ക് 9 കോടി 97 ലക്ഷം രൂപ ലഭിക്കുവാനുണ്ട്. ജയ് ജവാൻ ലോട്ടറിയുടെ നെറ്റ് പ്രോഫിറ്റിൽ നിന്നും തുക ലഭ്യമാകാത്തതിനാൽ നിലവിലുള്ള സ്കീമുകളിൽ നിന്നും നൽകി വരുന്ന വിവിധയിനം സാമ്പത്തിക സഹായം വർദ്ധിപ്പിക്കുവാൻ നിർവ്വാഹമില്ലാത്ത സാഹചര്യം നിലനിൽക്കുകയാണ്. കൂടാതെ പുതിയ സ്കീമുകൾ ഉൾപ്പെടുത്തുവാനും പരിമിതിയുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 9.97 കോടി രൂപ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2013-ൽ ജയ് ജവാൻ ലോട്ടറി നടത്തിയതിന്റെ നെറ്റ് പ്രോഫിറ്റ് ടാക്സ് ഡിപ്പാർട്ട്മെന്റിൽ നിന്നും സൈനികക്ഷേമ വകുപ്പിന് നാളിതുവരെ കൈമാറി കിട്ടാത്തത്, ഉടനെ ലഭ്യമാക്കണമെന്ന് ചെയർപേഴ്സൺ നിർദ്ദേശിച്ചു.

യോഗം ഉച്ചയ്ക്ക് ശേഷം 3.40-ന് പിരിഞ്ഞു.

# 11-3-2019 ലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIII, 2019 മാർച്ച് 11-ാം തീയതി ഉച്ചയ്ക്കുശേഷം 2.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു :

1. ശ്രീമതി സി. കെ. ആശ, എം.എൽ.എ.
2. ശ്രീ. ഒ. ആർ. കേളു, എം.എൽ.എ.
3. ശ്രീ. സി. കെ. ശശീന്ദ്രൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. മാത്യുക്കുട്ടി ജി., ജോയിന്റ് സെക്രട്ടറി
2. ശ്രീ. സഖറിയ പി. സാമുവൽ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. വി.ജി. റിജു, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. ബിശ്വനാഥ് സിൻഹ, ഐ.എ.എസ്., പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്
2. ഡോ. പി. പുകഴേന്തി, ഐ.എ.എസ്., ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
3. ശ്രീ. അലി അസ്ഗർ പാഷ, ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്
4. ശ്രീ കെ. ടി. ബാലഭാസ്കരൻ, മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പിന്നാക്ക സമുദായ കോർപ്പറേഷൻ
5. ശ്രീമതി ശാരദ എസ്, ഡയറക്ടർ, പിന്നാക്ക സമുദായ വികസന വകുപ്പ്
6. ശ്രീ. ആർ. പ്രസന്നൻ, ജോയിന്റ് ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
7. ശ്രീ. ആർ. ഷിബു, ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്ക സമുദായ വികസന വകുപ്പ്
8. ശ്രീ. പ്രവീൺ റ്റി., ജോയിന്റ് സെക്രട്ടറി, പട്ടികവർഗ്ഗ വികസന വകുപ്പ്
9. ശ്രീമതി ഉഷ റ്റി. നായർ, ജോയിന്റ് സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്

10. ശ്രീ. സുരേഷ് കുമാർ പി.എൻ., ജോയിന്റ് സെക്രട്ടറി, പിന്നാക്ക സമുദായ വികസന വകുപ്പ്

11. ശ്രീമതി ഓമന പി. ബി., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

12. ശ്രീ. രാജേഷ് പ്രകാശ്, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്

13. ശ്രീ. എം. മുഹമ്മദ് ഹാരിസ്, സീനിയർ ഫിനാൻസ് ഓഫീസർ, പട്ടികജാതി വികസന വകുപ്പ്

14. ശ്രീമതി സബീഹ പി.എം., സീനിയർ ഫിനാൻസ് ഓഫീസർ, പിന്നാക്ക സമുദായ വികസന വകുപ്പ്

15. ശ്രീമതി സവിതാദത്ത് റ്റി.എസ്., സീനിയർ ഫിനാൻസ് ഓഫീസർ, പട്ടികവർഗ്ഗ വികസന വകുപ്പ്

16. ശ്രീ. ബാലൻ ജി., ഫിനാൻസ് ഓഫീസർ, കേരള സംസ്ഥാന പിന്നാക്ക വികസന കോർപ്പറേഷൻ

17. ശ്രീ. ജോർജ് ചാക്കോ, രജിസ്ട്രാർ, കേരള സംസ്ഥാന പിന്നാക്ക വികസന കോർപ്പറേഷൻ

18. ശ്രീ. ജി. തുളസീധരൻപിള്ള, രജിസ്ട്രാർ, കേരള സംസ്ഥാന പട്ടികജാതി/ പട്ടികവർഗ്ഗ വികസന കമ്മീഷൻ

19. ശ്രീമതി ബിന്ദു സി.എം., അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ.

സമിതി 2019-20 സാമ്പത്തിക വർഷത്തെ പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നാക്ക വിഭാഗങ്ങൾ, ന്യൂനപക്ഷ, വിഭാഗങ്ങൾ എന്നിവയുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച് സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

2225-01-277-99-12—<u>മെട്രിക്കുലേഷന് മുമ്പുള്ള പഠനങ്ങൾ സ്കോളർഷിപ്പും സ്റ്റൈപ്പന്റും—സ്കോളർഷിപ്പുകളും-സ്റ്റൈപ്പന്റുകളും</u>

ബഡ്ജറ്റ് വിഹിതം : 33 കോടി രൂപ (നോൺ പ്ലാൻ)

1. പ്രീ-മെട്രിക് പഠനങ്ങൾക്കായി പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന ലംപ്സംഗ്രാൻറ് 2019-20 സാമ്പത്തിക വർഷം 25% വർദ്ധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ വർദ്ധിപ്പിച്ച നിരക്കിലുള്ള തുക നൽകുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 8 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2225-01-277-53—<u>പോസ്റ്റ് മെട്രിക് സ്റ്റുഡൻസിനുള്ള അധികസംസ്ഥാന സഹായം</u>

ബഡ്ജറ്റ് വിഹിതം : 51.71 കോടി രൂപ (പ്ലാൻ)

2. കേന്ദ്ര സർക്കാരിൽ നിന്ന് സ്കോളർഷിപ്പുകൾ ഒന്നും തന്നെ ലഭ്യമാകാത്ത പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്ക് സംസ്ഥാന ധനസഹായം നൽകുന്നതിനും കേന്ദ്ര സഹായം ലഭിക്കുന്നവർക്ക് ആയത് സംസ്ഥാന സഹായത്തിന്റെ നിരക്കിൽ ലഭ്യമാക്കുന്നതിനും ആവശ്യമായ അധിക തുക അനുവദിക്കുന്നതിന് പ്രസ്തുത ശീർഷകത്തിൽ 125 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 51.71 കോടി രൂപ മാത്രമേ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളുവെന്നും പ്രസ്തുത തുക വളരെ അപര്യാപ്തമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 73.29 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2225-01-800-57—<u>പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള പൊതുശേഖര ഫണ്ട് (ക്രിട്ടിക്കൽ ഗ്യാപ് ഫില്ലിംഗ് സ്കീം)</u>

ബഡ്ജറ്റ് വിഹിതം : 100 കോടി രൂപ (പ്ലാൻ)

3. 2018-19 സാമ്പത്തിക വർഷം ടി ശീർഷകത്തിൽ 100 കോടി രൂപ വകയിരുത്തിയിരുന്നുവെങ്കിലും പ്ലാൻ കട്ടിന്റെ ഭാഗമായി 62.92 കോടി രൂപയായി കുറവ് ചെയ്തിരുന്നു. ഈ സ്കീമിൽ വകയിരുത്തിയിരിക്കുന്ന തുകയുടെ 1/3 ഭാഗം പട്ടികജാതി ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ട വിഹിതമാണ്. മുൻവർഷങ്ങളിലെ സ്പിൽ ഓവർ കൂടി തനത് വർഷത്തിൽ നിന്ന് അനുവദിക്കേണ്ടതുണ്ട്. കൂടാതെ പ്രളയംമൂലം ജീവിത മാർഗ്ഗം നഷ്ടപ്പെട്ടവർക്കുള്ള പ്രത്യേക പദ്ധതികൾ, പട്ടികജാതി കോളനികളിലെ പശ്ചാത്തല വികസന പദ്ധതികൾ, കാവുകളുടെ പുനരുദ്ധാരണം, മരണാനന്തര ചടങ്ങുകൾക്കുള്ള ധനസഹായം മുതലായവയും മറ്റ് സ്കീമുകളുടെ ക്രിട്ടിക്കൽ ഗ്യാപ് നികത്തുന്നതിനും വേണ്ടിയുള്ള പദ്ധതിയായതിനാൽ ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2225-80-800-99-12—മറ്റ് സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായവും ഫീസ് സൗജന്യവും സ്കോളർഷിപ്പുകൾ—സ്കോളർഷിപ്പുകളും—സ്റ്റൈപ്പന്റുകളും.

ബഡ്ജറ്റ് വിഹിതം : 16 കോടി രൂപ (നോൺ പ്ലാൻ)

27-2-2019-ൽ ചേർന്ന യോഗത്തിൽ പരിഗണിച്ച പൊതുഭരണ വകുപ്പിന്റെ ധനാഭ്യർത്ഥന നമ്പർ XLVI-ൽ കേരള സംസ്ഥാന മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷനുള്ള ധനസഹായം 2235-02-190-97(പ്ലാൻ) ശീർഷകത്തിൽ മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുടെ ഉന്നമനത്തിനായി കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ഈ വർഷവും തുടരുന്നതാണെന്ന് ചെയർമാൻ അറിയിച്ചു. ഇതിൽ Scholarship എന്ന ഇനത്തിൽ 17 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും, അതേയവസരത്തിൽ FC വകുപ്പിലൂടെ 16 കോടി രൂപ KPCR മുഖേന കൺസഷൻ നൽകാൻ ധനാഭ്യർത്ഥന നമ്പർ XXV-ൽ 2225-80-800-99-12(നോൺ പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളതായും ചെയർമാൻ അറിയിച്ചു. ഈ ഇനത്തിൽ 35 കോടി രൂപ കുടിശ്ശികയുള്ളതായും, നേരത്തെ സൂചിപ്പിച്ച 17 കോടി രൂപ ഏത് സ്കോളർഷിപ്പിനാണെന്ന് വ്യക്തത വരുത്തിയിട്ടില്ലെന്നും, മേൽ സൂചിപ്പിച്ച രണ്ട് ശീർഷകങ്ങളും ക്ലബ്ബ് ചെയ്ത് പോകുന്നതാണ് ഉചിതമെന്നും സമിതി ചെയർമാൻ അഭിപ്രായപ്പെട്ടു.

കഴിഞ്ഞ തവണ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗ് ചേർന്നപ്പോൾ തന്നെ ജി.എ.ഡി. സെക്രട്ടറിയുമായി ഇക്കാര്യം ചർച്ച ചെയ്തിരുന്നതായും, ആ ചർച്ചയിൽ നിന്നും രണ്ട് സ്കീമുകളും ഡ്യൂപ്ലിക്കേറ്റിംഗ് സ്കീമുകളാണെന്നും ഈ സ്കീമുകളുടെയും എലിജിബിലിറ്റി ഒരു പോലെയാണ് എന്നും മനസ്സിലാക്കിയതായും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. രണ്ട് സ്കീമുകളിലും ഒരേ കുട്ടികൾ തന്നെ ഗുണഭോക്താക്കളായി വരുന്നുണ്ടോയെന്നത് ഫീൽഡ് ലെവൽ വെരിഫിക്കേഷൻ നടത്തുമ്പോൾ മാത്രമേ മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ എന്നും വെബ്സൈറ്റിലൂടെ അപേക്ഷ ക്ഷണിച്ച് ഇ-ഗ്രാന്റ്സ് വഴിയാണ് ആനുകൂല്യങ്ങൾ നൽകുന്നതെന്നും, അപേക്ഷകർക്ക് വരുമാന പരിധി നിശ്ചയിച്ചിട്ടുള്ളതായും. പ്രസ്തുത ഉദ്യോഗസ്ഥൻ അറിയിച്ചു. ഇതുപോലെ തന്നെ മുന്നോക്ക സമുദായ കോർപ്പറേഷനും അവരുടെ വെബ്സൈറ്റ് വഴിയാണ് ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ ക്ഷണിക്കുന്നതെന്നും, രണ്ട് സ്കീമുകളുടെയും മാനദണ്ഡങ്ങൾ ഒന്നുതന്നെയാണെന്നും, ഒരേ കുട്ടി തന്നെ രണ്ട് സ്കീമുകളിലും സ്കോളർഷിപ്പിന് അപേക്ഷിച്ചിട്ടുണ്ടോയെന്നതിനുള്ള പരിശോധന ഇതുവരെ ഉണ്ടായിട്ടില്ലെന്നും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ഇക്കാര്യം പരിശോധിക്കണമെന്നും ഒരേപോലെയുള്ള പദ്ധതിയാണെങ്കിൽ ക്ലബ്ബ് ചെയ്യണമെന്നും സമിതി ചെയർമാൻ നിർദ്ദേശിച്ചതിനെത്തുടർന്ന്, ക്ലബ്ബ് ചെയ്യാനുള്ള നിർദ്ദേശം ഇത് സംബന്ധിച്ച ഫയലിൽത്തന്നെ എഴുതിയിട്ടുണ്ടെന്നും ഒരേ ഗുണഭോക്താക്കളായി ഒരേ മാനദണ്ഡത്തിലുള്ള സ്കീമിന് രണ്ട് വകുപ്പുകളിലായി ഫണ്ട് വകയിരുത്തുന്നത് ശരിയല്ല എന്നും ജി.എ.സി.യുടെ ഫയലിൽ ഇക്കാര്യം നോട്ട് ചെയ്ത് വകുപ്പുമന്ത്രിയുടെ ഉത്തരവിനായി സമർപ്പിച്ചിട്ടുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. വർക്കിംഗ് ഗ്രൂപ്പുകൾ കൂടുന്നതിന് മുൻപ് തന്നെ ഇത്തരം ഡ്യൂപ്ലിക്കേഷനുകൾ ഉണ്ടോയെന്ന് പരിശോധിച്ച് മാത്രമേ മുന്നോട്ട് പോകാവൂ എന്നൊരു തീരുമാനം സബ്ജക്ട് കമ്മിറ്റിയിൽ നിന്നും ഉണ്ടാകണമെന്ന് പ്രിൻസിപ്പൽ സെക്രട്ടറി അഭ്യർത്ഥിച്ചു. സബ്ജക്ട് കമ്മിറ്റിയുടേതായി ഇത്തരമൊരു നിർദ്ദേശം ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുവാൻ ചെയർമാൻ നിർദ്ദേശിച്ചു.

4. കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് ഇതര വിഭാഗത്തിൽപ്പെട്ട കോളേജ് വിദ്യാർത്ഥികൾക്ക് ഫീസ് സൗജന്യം നൽകുന്നതിനും പോസ്റ്റ് ഗ്രാജ്വേറ്റ്/പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് ലംപ്സം ഗ്രാൻറ്, സ്റ്റൈപ്പന്റ്, ഫീസ് സൗജന്യം നൽകുന്നതിനുമായി തുക വകയിരുത്തിയിരിക്കുന്ന ഈ ശീർഷകത്തിൽ കുടിശ്ശിക തീർക്കുന്നതിനും നടപ്പ് വർഷത്തെ ആനുകൂല്യം പൂർണ്ണമായി വിതരണം ചെയ്യുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 92.49 കോടി രൂപ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

4225-01-277-87—<u>ഭൂമി ഏറ്റെടുക്കൽ കേസുകൾക്ക് നൽകുന്ന നഷ്ടപരിഹാരം</u>

ബഡ്ജറ്റ് വിഹിതം : ഇല്ല

5. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി നഷ്ടപരിഹാര തുക നൽകുന്നത് പരിഗണിച്ച് ബഡ്ജറ്റിൽ പുതുതായി ഉൾക്കൊള്ളിച്ച ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ല. വികസന പ്രവർത്തനങ്ങളുടെ ഭാഗമായി ഭൂമി ഏറ്റെടുക്കേണ്ടതായി വരുമ്പോൾ നഷ്ടപരിഹാരത്തുക അനുവദിക്കുന്നതിലേക്കായി പ്രസ്തുത ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

**പട്ടികവർഗ്ഗ വികസന വകുപ്പ്**

2225-02-282-91—<u>പട്ടികവർഗ്ഗ സമഗ്ര ആരോഗ്യ രക്ഷ</u>

ബഡ്ജറ്റ് വിഹിതം : 25 കോടി രൂപ (പ്ലാൻ)

6. പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് യഥാസമയം ചികിത്സ ലഭിക്കുന്നതിനായി ജില്ലാ താലൂക്ക് ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, സഹകരണ മെഡിക്കൽ കോളേജുകൾ, പട്ടികവർഗ്ഗ മേഖലയിൽപ്പെട്ട സർക്കാർ ആശുപത്രികൾ എന്നിവയ്ക്കായുള്ള ഫണ്ട് ഈ ശീർഷകത്തിൽ നിന്നും അനുവദിച്ച് നൽകുന്നു. പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് ചികിത്സ നൽകിയ ഇനത്തിൽ 2018-19 സാമ്പത്തിക വർഷം ആശുപത്രികൾക്ക് 7 കോടി രൂപ അനുവദിച്ച് നൽകുവാനുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 7 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-283-89—<u>ഭവന രഹിതർക്ക് ഭവനം</u>

ബഡ്ജറ്റ് വിഹിതം : 57.2 കോടി രൂപ (പ്ലാൻ)

7. ലൈഫ് മിഷൻ പദ്ധതി പ്രകാരം പൂർത്തീകരിക്കാത്ത 2916 വീടുകളുടെ പൂർത്തീകരണത്തിനായി 40 കോടി രൂപയും 2016-17 വർഷം വകുപ്പ് മുഖേന അനുവദിച്ച വീടുകളുടെ തുടർ ഗഡുക്കൾ അനുവദിക്കുന്നതിനും, ഭവന പുനരുദ്ധാരണത്തിനുമായി 60 കോടി രൂപ ഉൾപ്പെടെ 100 കോടി രൂപ ആവശ്യമുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 42.80 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-277-99-12—<u>മെട്രിക്കുലേഷനുമുമ്പുള്ള പഠനങ്ങൾ—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും</u>

ബഡ്ജറ്റ് വിഹിതം : 16.50 കോടി രൂപ (നോൺ പ്ലാൻ)

8. 2016-17 സാമ്പത്തിക വർഷം പ്രീ-മെട്രിക് വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ 25-% വർദ്ധിപ്പിച്ചതിന് ആനുപാതികമായി ഫണ്ട് അനുവദിച്ചിരുന്നില്ല. വിദ്യാഭ്യാസാനുകൂല്യങ്ങൾ 25% വർദ്ധിപ്പിക്കുന്നതിനായി പരിഗണനയിലുള്ള പ്രൊപ്പോസൽ സർക്കാർ അംഗീകരിക്കുന്നപക്ഷം പ്രസ്തുത ചെലവുകൾ കൂടി വഹിക്കുന്നതിന് ഈ ശീർഷകത്തിൽ കൂടുതൽ തുക അനുവദിക്കേണ്ടതുണ്ട്. ആയതിനാൽ നിലവിലുള്ള വിഹിതത്തിനുപുറമേ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-277-94-34-3—<u>ഗിരിവർഗ്ഗ ഹോസ്റ്റൽ- മറ്റ് ചെലവുകൾ-മറ്റിനം</u>

ബഡ്ജറ്റ് വിഹിതം : 12.6 കോടി രൂപ (നോൺ പ്ലാൻ)

9. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് 106 പ്രീ-മെട്രിക് ഹോസ്റ്റലുകളാണ് നിലവിലുള്ളത്. പ്രീ-മെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികളുടെ ദൈനംദിന ആഹാര ചെലവുകൾ, യൂണിഫോം, മറ്റ് ദൈനംദിന ചെലവുകൾ/ആകസ്മിക ചെലവുകൾ എന്നീ ആവശ്യങ്ങൾക്കായി നടപ്പ് വർഷം 12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഹോസ്റ്റലുകളിൽ കൂടുതൽ കുട്ടികളെ പ്രവേശിപ്പിക്കേണ്ടി വരുന്നതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക പര്യാപ്തമാവുകയില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### കിർത്താഡ്സ് വകുപ്പ്

2225-02-800-56—ആദികലാ ഗ്രാമം

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ (പ്ലാൻ)

10. കിർത്താഡ്സ് മുഖേന പട്ടികവർഗ്ഗ യുവ കലാകാരൻമാർക്കുവേണ്ടി സംസ്ഥാന പദ്ധതികൾ നടപ്പിലാക്കുന്നതിനും 2019-20 ബഡ്ജറ്റ് പ്രൊപ്പോസലിൽ ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയ പദ്ധതികൾ നടപ്പിലാക്കുന്നതിനും 25 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്രവർഗ്ഗ കമ്മീഷൻ

2225-80-800-96-31—കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിനുള്ള കമ്മീഷൻ—സഹായധനം—ശമ്പളം

ബഡ്ജറ്റ് വിഹിതം : 1.253 കോടി രൂപ (നോൺ പ്ലാൻ)

11. കമ്മീഷൻ അംഗങ്ങളുടെയും ജീവനക്കാരുടെയും ശമ്പള ഇനത്തിൽ 2.1983 കോടി രൂപയാണ് 2019-20 വർഷത്തെ ചെലവായി കണക്കാക്കിയിട്ടുള്ളത്. എന്നാൽ 2019-20 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 1.2530 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ ഈ ശീർഷകത്തിൽ 94.53 ലക്ഷം രൂപ കൂടി അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പിന്നാക്ക വിഭാഗ വികസന വകുപ്പ്

2225-03-102-94—കുംഭാര കോളനികളുടെ വികസനം

ബഡ്ജറ്റ് വിഹിതം : ഇല്ല

12. സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങളിലെ ഏറ്റവും പിന്നാക്കം നിൽക്കുന്ന കുംഭാര/കുശവ സമുദായങ്ങൾ അധിവസിക്കുന്ന കോളനികളിലെ അടിസ്ഥാന സൗകര്യ വികസനമാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നത്. പിന്നാക്ക വിഭാഗങ്ങളിലെ ദുർബല വിഭാഗങ്ങളായ കുംഭാര സമുദായങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളുടെ സമഗ്ര പുരോഗതിയ്ക്ക് 5 കോടി രൂപ അനുവദിക്കുമെന്ന് 2018-19 ബഡ്ജറ്റ് പ്രസംഗത്തിൽ അറിയിച്ചിരുന്നുവെങ്കിലും തുക വകയിരുത്തിയിരുന്നില്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 5 കോടി രൂപ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2225-03-800-99-35—<u>പിന്നാക്ക വിഭാഗക്കാർക്കുള്ള കേരള സംസ്ഥാന കമ്മീഷൻ— മൂലധനആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം</u>

ബഡ്ജറ്റ് വിഹിതം : ഇല്ല.

13. പിന്നാക്ക വിഭാഗ കമ്മീഷന്റെ പ്രവർത്തനത്തിന് പരമപ്രധാനമായ അടിസ്ഥാന സൗകര്യ വികസനം, വെബ്പോർട്ടൽ സംബന്ധിച്ച പ്രവർത്തനത്തിന് സി-ഡിറ്റിന് നൽകാനുള്ള ബാക്കിതുക, കമ്പ്യൂട്ടർ പ്രോഗ്രാമറുടെ തസ്തികയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2225-03-800-81—<u>ഒ.ബി.സി.-യുള്ള അഡ്വക്കേറ്റ് ഗ്രാന്റ്</u>

ബഡ്ജറ്റ് വിഹിതം : 12 ലക്ഷം രൂപ (നോൺ പ്ലാൻ)

14. അഡ്വക്കേറ്റ് ഗ്രാന്റ് പദ്ധതിയിൽ 2017-18 മുതൽ 12000 രൂപയായി ഗ്രാന്റ് വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. കൂടുതൽ അപേക്ഷകൾ വരുന്ന സാഹചര്യം നിലവിലുള്ളതു കൊണ്ടും അപേക്ഷിക്കുന്നവർക്കെല്ലാം ആനുകൂല്യം നൽകുന്നതിനും പ്രസ്തുത ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4225-03-190-99—<u>പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ</u>

ബഡ്ജറ്റ് വിഹിതം : 17.5 കോടി രൂപ (പ്ലാൻ)

15. പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷന്റെ വിവിധ വായ്പാ പദ്ധതികൾക്കായി പ്രസ്തുത ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയിൽ ക്യാബിനറ്റ് തീരുമാനിച്ചതിൽ നിന്നും പ്ലാൻ ഫണ്ടിൽ നടപ്പുവർഷം 20% കറവ് വന്നിട്ടുള്ളതായും പല സ്കീമുകളിലും തുക വെട്ടിച്ചുരുക്കിയതായും കണ്ടെത്തി. ഇത് ബിസിനസ്സ് റൂളിന് നിരക്കുന്നതല്ല. ക്യാബിനറ്റ് ഒരു തീരുമാനമെടുത്ത് കഴിഞ്ഞാൽ നയത്തിലുള്ള മാറ്റമാണെങ്കിൽ അത് ക്യാബിനറ്റിൽത്തന്നെ വരേണ്ടതാണ്. ഫണ്ട് ഇയർമാർക്ക് ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രാഥമിക നടപടികൾ ചെയ്യുന്നത് പ്ലാനിംഗ് ബോർഡാണ്. പ്ലാനിംഗ് ബോർഡിന്റെ ശ്രദ്ധയിലും ഈ മാറ്റങ്ങൾ വന്നതായി കാണുന്നില്ല. ഗുരുതരമായ കൃത്യവിലോപമാണിത്. ഓരോ ഐറ്റത്തിനും 20% കറവ് ചെയ്തശേഷം ബാക്കിയുള്ള 80% ഉപയോഗിക്കാൻ പറ്റാത്ത സാമ്പത്തിക പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അത് ക്യാബിനറ്റിൽ വരേണ്ടതാണ്. ക്യാബിനറ്റിൽ പരിഹരിച്ച് പോകുന്നതിനുപകരം ഓരോ ഐറ്റത്തിലും ഇങ്ങനെ വെട്ടിച്ചുരുക്കുന്നത് ഫലത്തിൽ പല സ്കീമുകളിലും വകയിരുത്തിയ പണത്തിൽ വ്യത്യാസം വരുത്തുന്നുവെന്നും ധനകാര്യ വകുപ്പും, യോഗത്തിൽ പങ്കെടുത്ത മറ്റ് ഉദ്യോഗസ്ഥരും ഇക്കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണമെന്നും ബഹു. ചെയർമാൻ നിർദ്ദേശിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 2.30-ന് പിരിഞ്ഞു

## 20-3-2019 ലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII, 2019 മാർച്ച് 20-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ.കെ. ബാലന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ആരോഗ്യവും സാമൂഹ്യനീതിയും വനിത ശിശുവികസനവും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചറും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു :

1. ശ്രീ. യു.ആർ. പ്രദീപ്, എം.എൽ.എ.
2. ശ്രീ. സി. കെ. ശശീന്ദ്രൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. മാത്യുക്കുട്ടി ജി., ജോയിന്റ് സെക്രട്ടറി.

2. ശ്രീ. സഖറിയ പി. സാമുവൽ, ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീ. വി. ജി. റിജു, അണ്ടർ സെക്രട്ടറി.

സമിതി, 2019-2020 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമം സംബന്ധിച്ച ധനാഭ്യർത്ഥന നമ്പർ XXV, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും സംബന്ധിച്ച ധനാഭ്യർത്ഥന നമ്പർ XLVI എന്നിവയുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു. 11-3-2019 ലെ XXV-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച സൂക്ഷ്മപരിശോധന യോഗത്തിലെ ബഹു. സമിതി ചെയർമാന്റെ പ്രത്യേക പരാമർശത്തിലെ അവസാനത്തെ രണ്ട് വരികൾ ഒഴിവാക്കി ഭേദഗതി വരുത്തുകയും ചെയ്തു.

യോഗം ഉച്ചയ്ക്കുശേഷം 2.40-ന് പിരിഞ്ഞു

---

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.